# നോമ്പുകാലസന്ദേശം - 2009

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ**

പ്രിയ സഹോദരന്മാരേ, സഹോദരിമാരേ,

കൂടുതൽ തീവ്രമായ ആത്മീയ ശിക്ഷണത്തിന്റെ യാത്ര ഉൾക്കൊള്ളുന്ന നോമ്പിന്റെ ആരംഭത്തിൽ, ആരാധനക്രമം നമ്മുടെ മുമ്പിൽ ഒരിക്കൽകൂടി മൂന്നു പ്രായശ്ചിത്ത പ്രവൃത്തികൾ അവതരിപ്പിക്കുന്നു: പ്രാർത്ഥന, ദാനധർമ്മം, ഉപവാസം. ബൈബിൾപരവും ക്രിസ്തീയവുമായ പാരമ്പര്യത്തിൽ അവ വളരെ പ്രധാനപ്പെട്ടവയാണ്. ഈസ്റ്റർ നന്നായി ആഘോഷിക്കാനും ദൈവശക്തി അനുഭവിക്കാനും അവ നമ്മെ ഒരുക്കുന്നു.

ഉപവാസത്തിന്റെ മൂല്യത്തെയും അർത്ഥത്തെയും കുറിച്ച് ചില കാര്യങ്ങൾ പങ്കുവയ്ക്കാനാണ് ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ ഞാനാഗ്രഹിക്കുന്നത്. നമ്മുടെ കർത്താവ് പരസ്യജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനുമുൻപ് മരുഭൂമിയിൽ നാല്പത് ദിവസം അനുഷ്ഠിച്ച ഉപവാസത്തെ നോമ്പ് തീർച്ചയായും ഓർമ്മിപ്പിക്കുന്നുണ്ട്. സുവിശേഷകൻ അതിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: “അനന്തരം, പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു. യേശു നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു” (മത്താ. 4:1-2). നിയമത്തിന്റെ കല്പലകകൾ സ്വീകരിക്കുന്നതിനുമുൻപ് മോശയും (cf. പുറ. 34:28), ഹൊറേബ് മലയിൽ കർത്താവിനെ കണ്ടുമുട്ടുന്നതിനുമുൻപ് ഏലിയാസും ഉപവസിച്ചതുപോലെ (cf. I രാജാ. 19:8) തന്റെ മുമ്പിലുണ്ടായിരുന്ന ദൗത്യനിർവഹണത്തിനുവേണ്ടി പ്രാർത്ഥനയും ഉപവാസവും വഴി യേശുവും സ്വയം ഒരുക്കി. പ്രലോഭകനുമായുള്ള ഒരു വലിയ സമരം ആരംഭത്തിൽത്തന്നെ നടത്തുന്നു.

നമ്മുടെ ശാരീരികപോഷണത്തിന് സ്വാഭാവികമായി നല്ലതും ഉപകാരപ്രദവുമായ ചിലത് ഉപേക്ഷിക്കുന്നതിന് എന്ത് മൂല്യവും അർത്ഥവുമാണുള്ളതെന്ന് നാം അദ്ഭുതപ്പെട്ടേക്കാം. പാപത്തെയും അതിലേക്ക് നയിക്കുന്നവയെയും അതിജീവിക്കുവാൻ ഉപവാസം വലിയ സഹായകമാണെന്ന് വിശുദ്ധ ഗ്രന്ഥവും മുഴുവൻ ക്രൈസ്തവപാരമ്പര്യവും പഠിപ്പിക്കുന്നുണ്ട്. ഉപവാസത്തിന് ക്ഷണിക്കുന്ന അവസരങ്ങൾ രക്ഷാകരചരിത്രത്തിൽ ധാരാളമുണ്ട്. വിലക്കപ്പെട്ട ഫലത്തിൽ പങ്കുചേരുന്നതിൽ നിന്ന് മനുഷ്യൻ മാറിനില്ക്കണമെന്ന് കർത്താവ് കല്പിക്കുന്നത് വിശുദ്ധ ഗ്രന്ഥത്തിന്റെ ആദ്യതാളുകളിൽത്തന്നെ നാം വായിക്കുന്നു. “തോട്ടത്തിലെ എല്ലാ മരങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക. എന്നാൽ, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും” (ഉത്പ.





2:16-17). ‘ഉപവാസം പറുദീസായിൽ കല്പിക്കപ്പെട്ടിരിക്കുന്നുവെന്നാണ് വിശുദ്ധ ബേസിൽ ഈ ദൈവിക നിരോധനത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ നിരീക്ഷിച്ചിട്ടുള്ളത്. ആദത്തിനു നല്കിയ ആദ്യകല്പനയാണിത്. “നീ ഭക്ഷിക്കരുത്” എന്നത് ഉപവാസത്തിന്റെയും സംയമനത്തിന്റെയും നിയമമാണെന്ന് ബേസിൽ പറയുന്നു (cf. Sermo de jejunio: PG 31, 163, 98). നാമെല്ലാം പാപത്താലും അതിന്റെ പരിണതഫലത്താലും ഭാരപ്പെട്ടവരാകയാൽ ദൈവവുമായുള്ള സൗഹൃദം വീണ്ടെടുക്കാനുള്ള ഒരുപകരണമെന്ന നിലയിൽ ഉപവാസം നമ്മുടെ മുമ്പിൽ വച്ചിരിക്കുന്നു. വിപ്രവാസത്തിനുശേഷം വാഗ്ദാനഭൂമിയിലേയ്ക്കുള്ള യാത്രയ്ക്ക് ഒരുങ്ങുമ്പോൾ ഒന്നിച്ചുവന്ന ജനത്തോട് എസ്രാ പറയുന്നത് ഉപവസിക്കാനാണ്. അങ്ങനെ നമുക്ക് ദൈവത്തിന്റെ മുമ്പിൽ എളിമയുള്ളവരാകാം (cf. എസ്രാ. 8:21). സർവശക്തൻ അവരുടെ പ്രാർത്ഥന കേട്ട് അവർക്ക് അവിടുത്തെ ഉറപ്പും അനുഗ്രഹവും സംരക്ഷണവും നല്കി. അതുപോലെ, നിനവേ നിവാസികൾ പശ്ചാത്തപിക്കുവാനുള്ള യോനായുടെ ആഹ്വാനത്തിന് പ്രത്യുത്തരമായി ആത്മാർത്ഥതയോടെ ഒരു ഉപവാസം പ്രഖ്യാപിച്ചു. അവർ പറഞ്ഞു: ‘ദൈവം മനസ്സു മാറ്റി തന്റെ ക്രോധം പിൻവലിക്കുകയും അങ്ങനെ നാം നശിക്കാതിരിക്കുകയും ചെയ്തേക്കാം (യോനാ 3:9). ഇവിടെയും ദൈവം അവരുടെ ആത്മാർത്ഥമായ അനുതാപപ്രവൃത്തികൾ കണ്ട് അവരെ രക്ഷിച്ചു.

നിയമം കർശനമായി അനുസരിച്ചിരുന്ന ഫ്രീശരുടെ മനോഭാവത്തെ വിമർശിച്ചുകൊണ്ട് യേശു ഉപവാസത്തിന്റെ ആഴമുള്ള അർത്ഥം വെളിപ്പെടുത്തുന്നത് പുതിയ നിയമത്തിൽ നമുക്ക് കാണാം. ഫ്രീശരുടെ ഹൃദയങ്ങൾ ദൈവത്തിൽ നിന്നകലെയായിരുന്നതു കൊണ്ടാണ് യേശു അവരെ വിമർശിച്ചത്. ശരിയായ ഉപവാസം സ്വർഗീയ പിതാവിന്റെ ഇഷ്ടം നിറവേറ്റലാണെന്ന് യേശു ആവർത്തിച്ചു പറയുന്നുണ്ട്. ‘രഹസ്യങ്ങൾ അറിയുന്ന പിതാവ് അതിന് പ്രതിഫലം നല്കും’ (മത്താ. 6:18). മരുഭൂമിയിലെ നാല്പതു ദിവസത്തിന്റെ അവസാനത്തിൽ സാത്താനു നല്കുന്ന മറുപടിയിൽ അവിടുന്നുതന്നെ നമുക്ക് മാതൃകയാകുന്നു. ‘മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്’ (മത്താ. 4:4). അപ്പോൾ ശരിയായ ഉപവാസം ‘ശരിയായ ഭക്ഷണം’ കഴിക്കുന്നതിലേയ്ക്ക് ഉന്മുഖമാണ്. ശരിയായ ഭക്ഷണം പിതാവിന്റെ ഇഷ്ടം നിറവേറ്റലാണ് (cf. യോഹ. 4:34). ‘നന്മതിന്മയുടെ വൃക്ഷത്തിന്റെ ഫലത്തിൽ നിന്ന് നീ ഭക്ഷിക്കരുത്’ എന്ന കർത്താവിന്റെ കല്പന ആദം അനുസരിച്ചില്ല. എന്നാൽ ദൈവത്തിന്റെ നന്മയിലും കരുണയിലും

ആശ്രയിച്ചുകൊണ്ട് വിശ്വാസി ഉപവാസത്തിലൂടെ അവിടുത്തേയ്ക്ക് തന്നെത്തന്നെ എളിമയോടെ വിധേയപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ആദിമ ക്രൈസ്തവസമൂഹത്തിൽ ഉപവസിക്കുന്ന പതിവ് വളരെ പ്രകടമായിരുന്നു (cf. അപ്പ. 13:3; 14:22; 27:21; 2 കോറി. 6:5). ഉപവാസത്തിൽ പാപത്തെ നിയന്ത്രിക്കുന്നതിനുള്ള, പ്രത്യേകിച്ച് "പഴയ മനുഷ്യ"ന്റെ ഇന്ദ്രിയാസക്തിയെ നിയന്ത്രിക്കുന്നതിനുള്ള, ശക്തിയെക്കുറിച്ച് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. വിശ്വാസികളുടെ ഹൃദയത്തിൽ ദൈവത്തിലേയ്ക്കുള്ള ഒരു പാത വെട്ടിത്തുറക്കുന്നതിനെക്കുറിച്ചും അവർ പറയുന്നു. സർവോപരി, ഉപവാസം എല്ലാ കാലത്തെയും വിശുദ്ധർ ക്രമമായി അനുഷ്ഠിച്ചിരുന്നതും പ്രോത്സാഹിപ്പിച്ചിരുന്നതും ആവശ്യപ്പെട്ടിരുന്നതുമായ ഒരു അനുഷ്ഠാനമായിരുന്നു. വിശുദ്ധ പീറ്റർ ക്രിസോലോഗൂസിന്റെ വാക്കുകൾ ചിന്തനീയമാണ്. ഉപവാസം പ്രാർത്ഥനയുടെ ആത്മാവാണ്; കരുണ ഉപവാസത്തിന്റെ ജീവരക്തവും. അതിനാൽ നീ പ്രാർത്ഥിക്കുന്നുവെങ്കിൽ കരുണ കാണിക്കുക. നിന്റെ പ്രാർത്ഥന കേൾക്കപ്പെടണമെന്ന് നീ ആഗ്രഹിക്കുന്നുവെങ്കിൽ മറ്റുള്ളവരുടെ അപേക്ഷ നീ കേൾക്കണം. മറ്റുള്ളവർക്കെതിരെ നീ നിന്റെ ചെവി കൊട്ടിയടയ്ക്കുന്നില്ലെങ്കിൽ ദൈവത്തിന്റെ കാതിനെ നീ നിനക്കായി തുറക്കുന്നു (Sermo 43: PL 52, 320, 322).

ഉപവാസത്തിന്റെ ആധ്യാത്മികാർത്ഥം ആധുനികലോകം വേണ്ടത്ര ഉൾക്കൊള്ളുന്നില്ല. ഭൗതികസുസ്ഥിതിക്ക് ഊന്നൽ നല്കുന്ന ഇന്നത്തെ സംസ്കാരത്തിൽ ഉപവാസത്തെ ശരീരത്തിന്റെ സൗഖ്യദായകത്തിനുള്ള ഒരു ഉപാധിയായിട്ടാണ് കാണുന്നത്. തീർച്ചയായും ശാരീരികസുസ്ഥിതിക്ക് ഉപവാസം സഹായകം തന്നെ. എന്നാൽ വിശ്വാസികൾക്ക് അതു പ്രഥമമായി "ദൈവേഷ്ടത്തോട് അനുരൂപപ്പെടുത്തുന്നതിൽ നിന്നു തങ്ങളെ തടയുന്നതിനെയെല്ലാം സുഖപ്പെടുത്താനുള്ള" ഒരു ചികിത്സയാണ്. തനിക്കു വേണ്ടിത്തന്നെ ജീവിക്കാതെ, തന്നെ സ്നേഹിക്കുകയും തനിക്കുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തവനുവേണ്ടിയും... തന്റെ സഹോദരർക്കുവേണ്ടിയും ജീവിക്കാനുള്ള വിളിയാണ് ഓരോ ക്രൈസ്തവന്റെയും. ഏറെ പഴക്കമുള്ള ഈ അനുഷ്ഠാനത്തിന്റെ യഥാർത്ഥവും ശാശ്വതവുമായ അർത്ഥം വീണ്ടും കണ്ടെത്താനിടയാകട്ടെ. നമ്മുടെ സ്വാർത്ഥതയെ ഇല്ലാതാക്കാൻ അതു സഹായിക്കട്ടെ. പുതിയ നിയമത്തിലെ പ്രഥമവും ഏറ്റവും ശ്രേഷ്ഠവുമായ കല്പനയും സുവിശേഷത്തിന്റെ മുഴുവൻ സംക്ഷേപവുമായ ദൈവ-മനുഷ്യസ്നേഹത്തിലേക്ക് നമ്മുടെ ഹൃദയങ്ങളെ അത് തുറക്കുകയും ചെയ്യട്ടെ.

അതേസമയം, നമ്മുടെ, അനേകം സഹോദരീസഹോദരന്മാർ ജീവി





ക്കുന്ന സാഹചര്യങ്ങളിലേക്ക് നമ്മുടെ കണ്ണുകൾ തുറക്കാൻ സഹായവുമാണ് ഉപവാസം. വിശുദ്ധ യോഹന്നാൻ നമുക്ക് താക്കീത് നല്കുന്നുണ്ട്. "ലൗകികസമ്പത്ത് ഉണ്ടായിരിക്കേ, ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരേ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും?" (I യോഹ. 3:17).

സ്വന്തം തീരുമാനപ്രകാരമുള്ള ഉപവാസം സഹിക്കുന്ന തന്റെ സഹോദരനെ സഹായിക്കാൻ താഴ്ന്നിറങ്ങിയ നല്ല സമറായന്റെ ചൈതന്യം ഉൾക്കൊള്ളാൻ നമ്മെ പ്രാപ്തരാക്കും (cf: ദൈവം സ്നേഹമാകുന്നു, 15). മറ്റൊരാൾക്കുവേണ്ടി സ്വതന്ത്രമായി ചെയ്യുന്ന ഒരു ആത്മത്യാഗപ്രവൃത്തിയിലൂടെ ആവശ്യത്തിലിരിക്കുന്ന സഹോദരനോ സഹോദരിയോ എനിക്ക് അപരിചിതനല്ലെന്ന് ഞാൻ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ സഹോദരീ സഹോദരന്മാരെ ഹൃദ്യമായി സ്വീകരിക്കുന്നതും പരിപാലിക്കുന്നതുമായ ഈ മനോഭാവം നിലനിറുത്താനാണ് ഇടവകയോടും മറ്റെല്ലാ സമൂഹങ്ങളോടും ഞാൻ ആവശ്യപ്പെടുന്നത്. നോമ്പുകാലത്ത് സ്വകാര്യവും പൊതുവുമായ ഉപവാസം തീവ്രമാക്കണം. അതിനോട് ചേർന്നു പോകേണ്ടതാണ് ദൈവവചനവായന, പ്രാർത്ഥന, ദാനധർമ്മം എന്നിവ. ആരംഭം തൊട്ടേ, ഇവ ക്രൈസ്തവസമൂഹങ്ങളുടെ മുഖമുദ്രയായിരുന്നു. അവർ പ്രത്യേക പിരിവുകൾ നടത്തിയിരുന്നു (cf. 2 കോറി. 8:9; റോമാ. 15:25-27). തങ്ങളുടെ ഉപവാസം കൊണ്ട് മിച്ചം വരുന്ന തുക പാവങ്ങൾക്കു കൊടുക്കാൻ വിശ്വാസികൾ ക്ഷണിക്കപ്പെട്ടിരിക്കുന്നു (Didascalia Ap. , v, 20, 18). ഈ രീതി നമ്മുടെ കാലത്ത്, പ്രത്യേകിച്ച് നോമ്പിന്റെ ആരാധനക്രമസമയത്ത്, വീണ്ടും കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

ഉപവാസം ഒരു പ്രധാനപ്പെട്ട താപസരീതിയെ പ്രതിനിധാനം ചെയ്യുന്നുവെന്ന കാര്യം ഇത്രയും പറഞ്ഞതിൽ നിന്ന് വളരെ വ്യക്തമല്ലേ? നമ്മോടു തന്നെ - നമ്മിലെ താളംതെറ്റിയ സാധ്യമായ എല്ലാ ബന്ധങ്ങളോടും അഭിനിവേശങ്ങളോടും - പടപൊരുതാനുള്ള ഒരു ആധ്യാത്മിക യുദ്ധോപകരണമാണ് ഉപവാസം. ഭക്ഷണത്തിന്റെയും മറ്റു ഭൗതികനന്മകളുടെയും സുഖത്തിൽ നിന്ന് സ്വതന്ത്രമായി തിരഞ്ഞെടുക്കുന്ന വിമുഖത അതുൾക്കൊള്ളുന്നു. അത് പ്രകൃതിയുടെ തീവ്രമായ ആഗ്രഹങ്ങളെ നിയന്ത്രിക്കാൻ ക്രിസ്തുശിഷ്യനെ സഹായിക്കുന്നു. ആദിമപാപത്താൽ ബലഹീനമാക്കപ്പെട്ടവയാണ് ആ ആഗ്രഹങ്ങൾ. അവയുടെ നിഷേധാത്മകഫലങ്ങൾ മനുഷ്യവ്യക്തിയെ മുഴുവൻ സ്വാധീനിക്കുന്നുണ്ട്. തികച്ചും ഉചിതമായി നോമ്പുകാല ആരാധനക്രമത്തിലെ ഒരു പഴയ ഗാനം നമ്മെ ഉപദേശിക്കുന്നു: "വാക്കു

കൾ, ഭക്ഷണം, പാനീയങ്ങൾ, ഉറക്കം, വിനോദങ്ങൾ എന്നിവ നമുക്ക് അല്പം മാത്രം ഉപയോഗിക്കാം. ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്ന കാര്യത്തിൽ നമുക്ക് ജാഗ്രതയുള്ളവരാകാം".

പ്രിയ സഹോദരീ സഹോദരന്മാരേ, ഉപവാസത്തിന്റെ ആത്യന്തിക ലക്ഷ്യം എങ്ങനെ നാമോരോരുത്തരെയും സഹായിക്കുന്നുവെന്ന കാണുന്നത് നല്ലതാണ്. ദൈവദാസനായ ജോൺ പോൾ രണ്ടാമൻ പറയുന്നതുപോലെ, അത് നമ്മെ ദൈവത്തിന് സമ്പൂർണമായ ഒരാത്മദാനമാക്കുന്നു (സത്യത്തിന്റെ പ്രഭ, 21). ഓരോ കുടുംബവും ക്രൈസ്തവസമൂഹവും ഈ നോമ്പുകാലം നന്നായി ഉപയോഗിക്കട്ടെ. അതുവഴി ആത്മാവിനെ വഴിതെറ്റിക്കുന്നവയെയെല്ലാം ഒഴിവാക്കുക, ദൈവത്തെയും അയല്ക്കാരനെയും സ്നേഹിക്കുന്നതിലേയ്ക്ക് ആത്മാവിനെ നയിച്ചുകൊണ്ട്, അതിനെ പരിപോഷിപ്പിക്കുന്നതിലെല്ലാം വളരുക. പ്രാർത്ഥന, ദൈവികവായന, അനുരഞ്ജനക്കൂദാശയുടെ സ്വീകരണം, വിശുദ്ധ കുർബാനയിലെ സജീവപങ്കാളിത്തം, സവിശേഷമായി ഞായറാഴ്ചയിലെ ദിവ്യബലിയിലുള്ള പങ്കാളിത്തം എന്നിവയിൽ വലിയ സമർപ്പണം ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം. ഈ ആന്തരിക സന്നദ്ധതയോടെ നോമ്പിന്റെ പശ്ചാത്താപാരൂപിയിലേക്ക് നമുക്ക് പ്രവേശിക്കാം. നമ്മുടെ സന്തോഷത്തിന്റെ കാരണമായ പരിശുദ്ധ കന്യകാമറിയം നമ്മെ അനുഗമിക്കുകയും സഹായിക്കുകയും ചെയ്യട്ടെ. നമ്മുടെ ഹൃദയത്തെ കൂടുതൽ കൂടുതലായി ദൈവത്തിന്റെ ജീവിക്കുന്ന സക്രാരിയാക്കിക്കൊണ്ട്, പാപത്തിലേയ്ക്കുള്ള അടിമത്ത്വത്തിൽ നിന്ന് നമ്മുടെ ഹൃദയത്തെ സ്വതന്ത്രമാക്കാനുള്ള നമ്മുടെ പരിശ്രമത്തിൽ അവൾ നമ്മെ സഹായിക്കട്ടെ. ഈ ആശംസകളോടെ, ഓരോ വിശ്വാസിക്കും സഭാത്മകസമൂഹത്തിനും ഫലപ്രദമായ ഒരു നോമ്പുകാലയാത്രക്കു വേണ്ട പ്രാർത്ഥന വാഗ്ദാനം ചെയ്തുകൊണ്ട് നിങ്ങൾക്കെല്ലാം എന്റെ അപ്പസ്തോലികാശീർവാദം ഞാൻ ഹൃദയപൂർവം നല്കുന്നു.

വത്തിക്കാനിൽ നിന്ന്, ഡിസംബർ 11, 2008

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ**

---

NB: ഈ നോമ്പുകാല സന്ദേശം മാർച്ച് 8-ാം തീയതി ഞായറാഴ്ച കുർബാന മധ്യേ എല്ലാ പള്ളികളിലും, പൊതുജനങ്ങൾക്കായി കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

**+ മാർ ജേക്കബ് മനത്തോടത്ത്**





## സ്ത്രീപുരുഷന്മാരുടെ തുല്യമഹത്വവും, ഏകസ്ഥരായ വനിതകളുടെ വിളിയും

മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും സ്ത്രീകളുടെ സാന്നിദ്ധ്യവും പങ്കാളിത്തവും ഇന്ന് ദൃശ്യമാണ്. അതിനെ പ്രധാനപ്പെട്ടതായിട്ടാണ് സഭയും സമൂഹവും കരുതുന്നതും. സ്ത്രീയും പുരുഷനും തുല്യ മഹത്വത്തിനും ആദരവിനും സ്വാതന്ത്ര്യത്തിനും അവകാശത്തിനും അർഹരാണെന്ന കാര്യം ആധുനിക സഭാപ്രബോധനങ്ങൾ വ്യക്തമാക്കുന്നു (ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ സ്ത്രീയുടെ മഹനീയത, 1988; സ്ത്രീകൾക്ക് എഴുതിയ കത്ത്, 1995; കുടുംബം സ്നേഹസമൂഹം, 1981; അല്മായ വിശ്വാസികൾ, 1988). പെൺകുട്ടികളും ഭാര്യമാരും അമ്മമാരും കന്യാസ്ത്രീകളും ഏകസ്ഥ ജീവിതം നയിക്കുന്നവരുമായി മനുഷ്യ മഹാകുടുംബത്തിന്റെ നേർപകുതി സ്ത്രീകളാണ്. സ്ത്രീയുടെ ദൗത്യം പരിപൂർണ്ണമാകുന്ന സമയം, ഇതിനു മുമ്പെങ്ങുമുണ്ടാകാത്ത ഒരു സ്വാധീനവും അർത്ഥവും ശക്തിയും കൈവരുന്ന സമയം, വന്നു എന്നിങ്ങനെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനസന്ദേശത്തിൽ പറയുന്നു.

സ്ത്രീകൾ സഭയിലും സമൂഹത്തിലും സജീവ പ്രവർത്തകരും പങ്കാളികളുമാകുവാൻ സഹായിക്കുന്നതിനും അവരുടെ സുസ്ഥിതിയും വളർച്ചയും ഉറപ്പാക്കുന്നതിനും ഭാരതത്തിലെ കത്തോലിക്കാസഭയും പ്രതിജ്ഞാബദ്ധമാണ്. സ്ത്രീകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും അവരെ ശക്തീകരിക്കാനുമുള്ള പ്രവർത്തനങ്ങൾ ഭാരതസഭ 1984 മുതൽ ആരംഭിച്ചിരുന്നു. അതിനുവേണ്ടി 84-ൽ ആരംഭിച്ച *വിമൻ ഡെസ്ക്കിനെ* 1996-ൽ 'വിമൻസ് കമ്മീഷൻ' ആയി ഉയർത്തിക്കൊണ്ട് സ്ത്രീകൾക്കായുള്ള പ്രവർത്തനങ്ങളെ സി.ബി.സി.ഐ. കൂടുതൽ സജീവമാക്കിയിട്ടുണ്ട്. 2008 ഫെബ്രുവരിയിൽ നടന്ന സി.ബി.സി.ഐ. പ്ലീനറി അസംബ്ലിയുടെ പ്രധാന വിഷയം 'സ്ത്രീകളുടെ ശക്തീകരണം സഭയിലും സമൂഹത്തിലും'എന്നതായിരുന്നു. സ്ത്രീകളുടെ സമഗ്രനന്മ ലക്ഷ്യം വയ്ക്കുന്ന ഒരു വനിതാനയം കേരളസഭയ്ക്കുവേണ്ടി ഇക്കഴിഞ്ഞ ഡിസംബറിൽ കെ.സി.ബി.സി. രൂപീകരിച്ചതും ശ്രദ്ധേയമാണ്. സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങളും വിവേചനങ്ങളും അവസാനിപ്പിക്കണമെന്നും സഭയിലും സമൂഹത്തിലും അർഹമായ പങ്കാളിത്തം അവർക്ക് ഉറപ്പാക്കണമെന്നും സ്ത്രീകളുടെ ഉന്നമനത്തിനും വളർച്ചയ്ക്കുമായി പരിപാടികൾ ആസൂത്രണം ചെയ്യണമെന്നും ആ രേഖ എല്ലാവരോടും ആവശ്യപ്പെടുന്നു. ഓരോ വ്യക്തിഗതസഭയുടെയും നിയമത്തിന് അനുസൃതമായി ഇടവകയിലും രൂപതയിലും സ്ത്രീകൾക്ക് സഭാപ്രവർത്തനങ്ങളിൽ പ്രാതിനിധ്യം കൊടുക്കണമെന്ന് ഈ വനിതാനയം ആവശ്യപ്പെടുന്നുണ്ട്. ഇതനുസരിച്ചുള്ള ഒരു പ്രവർത്തനശൈലി രൂപതാതലത്തിലും ഇടവകാതലത്തിലും കരുപ്പിടിപ്പിക്കുവാൻ എല്ലാ

വരും ശ്രദ്ധിക്കുമല്ലോ.

ഉത്പത്തി പുസ്തകത്തിലെ രണ്ടും മൂന്നും അധ്യായങ്ങൾക്ക് ആധുനിക ബൈബിൾ പണ്ഡിതർ പുതിയ ഉൾക്കാഴ്ചകൾ ഇന്നു നല്കിയിട്ടുണ്ട്. 'പുരുഷന്റെ വാരിയെല്ലിൽ നിന്ന് സ്ത്രീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു', 'പുരുഷന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവുമാണ് സ്ത്രീ', എന്നീ പ്രയോഗങ്ങൾ സത്യത്തിൽ അർത്ഥമാക്കുന്നത് പുരുഷനും സ്ത്രീയും തുല്യരും ഒരേ പ്രകൃതിയിൽ പങ്കുചേരുന്നവരും സ്നേഹബന്ധത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരുമാണെന്ന കാര്യമാണ്. "പുരുഷൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമാവുകയും ചെയ്യും" (ഉത്പ. 2:24) എന്ന ദൈവികകല്പനയാണ് ഈ കഥയുടെ പരകോടി. വിവാഹത്തിൽ ഇരുവരും വേർപിരിയാനാവാത്തവിധം സ്നേഹത്തിലും ഐക്യത്തിലും ഗാഢബന്ധത്തിലും ജീവിക്കണമെന്നാണ് ഇത് പഠിപ്പിക്കുന്നത് (മത്തായി. 19:4-5).

സ്ത്രീയും പുരുഷനും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന പ്രസ്താവന (ഉത്പ. 1:27) ഇതിനോട് കൂട്ടി വായിക്കണം. മനുഷ്യത്വത്തിൽ ഇരുവരും തുല്യരാണെന്നും ഇരുവർക്കും തുല്യ അന്തസ്സും അവകാശവും സ്വാതന്ത്ര്യവും പങ്കാളിത്തവും ആണുള്ളതെന്നും ഇതിൽനിന്ന് വ്യക്തമാണല്ലോ. ഇത് അംഗീകരിക്കുകയും ജീവിക്കുകയും ചെയ്യുക പ്രധാനപ്പെട്ട കാര്യമാണ്. സ്ത്രീകളെ അപൂർണ്ണരോ വികലരോ "നിത്യ മൈനറോ" ആയി കാണുന്ന നിലപാടുകൾ പൂർണ്ണമായി തിരുത്തപ്പെടുകതന്നെ വേണം. ക്രിസ്തുവിനു സ്ത്രീകളോടുണ്ടായിരുന്ന സമീപനം അവരുടെ മഹത്വവും തുല്യതയും ഉയർത്തുന്നതായിരുന്നു. അവരെ രണ്ടാംതരമായി അവതരിപ്പിക്കുന്ന ഒരു വാക്കോ പ്രവൃത്തിയോ അവിടുന്നിൽ കാണുകയില്ലെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ നിരീക്ഷിച്ചത് എത്രയോ ശരിയാണ്. ക്രിസ്തുവിനെ അനുകരിച്ച് ആദിമസഭയും സ്ത്രീകളുടെ മഹത്വം, സ്വാതന്ത്ര്യം, ശുശ്രൂഷ എന്നിവയ്ക്ക് വലിയ വില കല്പിച്ചിരുന്നു. പ്രേഷിതരംഗത്ത് അപ്പസ്തോലന്മാരോടൊപ്പം മുൻനിരയിൽ നിൽക്കുന്ന പ്രിസ്കാ, ലീദിയാ, ഫോയ്ബേ തുടങ്ങിയ എത്രയോ സ്ത്രീകളെ നമുക്കവിടെ കാണാനാവും (അപ്പ. 1:12-14, 2:16-18, 9:36-43, 12:12, 18:18-28, 16:11-40, റോമ. 16:1-2, 16:6-7, ഫിലി. 4:2-3, ഫില. 1-2). വി. പൗലോസ് സ്ത്രീപുരുഷതുല്യത ഉറപ്പിച്ചു പറയുന്നതും നാം ശ്രദ്ധിക്കണം (ഗലാ. 3:26-28).

സഭയുടെ ഈ കാഴ്ചപ്പാട് ഭാഗികമായേ നടപ്പായിട്ടുള്ളൂ എന്നതിനു തെളിവാണ് കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ ഇന്നും അനുഭവിക്കുന്ന വിവിധതരം പീഡനങ്ങളും വിവേചനങ്ങളും. ഹൃദയകാഠിന്യത്തിന്റെ - പാപത്തിന്റെ - ഫലമാണിത് (മത്താ. 19:8). ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തിക പങ്കാളിത്തം, രാഷ്ട്രീയാധികാരം എന്നീ തലങ്ങളിൽ



ഭാരതീയ സ്ത്രീകൾ വളരെ താഴെയാണെന്ന് പഠനങ്ങൾ കാണിക്കുന്നു. ഗാർഹിക പീഡനം, ശാരീരിക പീഡനം, നിർബന്ധിത ലൈംഗിക ബന്ധം, ബലാത്സംഗം എന്നിവയ്ക്ക് സ്ത്രീകൾ വിധേയരാക്കപ്പെടുന്നു. ഭരണസമിതികളിലും തീരുമാനങ്ങളെടുക്കുന്ന വേദികളിലും സ്ത്രീപങ്കാളിത്തം തീരെ കുറവാണ്. സ്ത്രീകളുടെ ദൗത്യം വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. കൂടാതെ, അവരുടെ കഴിവുകളും സേവനങ്ങളും വിലയിടിച്ചു കാണുകയോ അവഗണിക്കുകയോ ചെയ്യുക പതിവാണല്ലോ. ഈയൊരു അവസ്ഥയ്ക്ക് മാറ്റമുണ്ടാകുവാൻ സഹായിക്കുന്ന കാര്യപരിപാടികൾ ആസൂത്രണം ചെയ്യുക അടിയന്തിരാവശ്യമാണ്.

ഇക്കാര്യത്തിനുവേണ്ടി പ്രഥമമായി ചെയ്യേണ്ടത് സ്ത്രീപുരുഷന്മാരുടെ അടിസ്ഥാനതുല്യത, പങ്കാളിത്തം, അവകാശങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം എല്ലാവരിലും സൃഷ്ടിക്കുകയാണ്. ഇടവക തലത്തിലും രൂപതാതലത്തിലും സ്ത്രീകളുടെ സമിതികൾ രൂപീകരിച്ച് അവരിലൂടെ ഈ പരിപാടി നടപ്പാക്കാവുന്നതാണ്. സഭയുടെ എല്ലാ വേദികളിലും 30% - 50% സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കാൻ യത്നിക്കുക എന്നതാണ് മറ്റൊരു കാര്യം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീ പുരുഷന്മാരുടെ പരസ്പര സഹകരണവും പങ്കാളിത്തവും വഴി ദൈവികപദ്ധതിയനുസരിച്ചുള്ള ഒരു ലോകം കെട്ടിപ്പടുക്കുവാൻ നമുക്ക് സാധിക്കണം. ലോകമെങ്ങും മാർച്ച് 8 വനിതാദിനമായി ആചരിക്കുമ്പോൾ ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ചർച്ചകൾ, റാലികൾ, സമ്മേളനങ്ങൾ, സെമിനാറുകൾ, പ്രാർത്ഥനകൾ എന്നിവ ഇടവകകളിൽ സംഘടിപ്പിക്കുവാൻ ശ്രമിക്കുമല്ലോ.

സ്ത്രീകളിൽ ഒരു പ്രത്യേക വിഭാഗത്തെക്കുറിച്ച് - ഏകസ്ഥരെക്കുറിച്ച്-ഇക്കൊല്ലം പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. വിവാഹത്തിലോ സന്യാസത്തിലോ പ്രവേശിക്കാത്ത സ്ത്രീകളെയാണ് ഇവിടെ വിവക്ഷിക്കുന്നത്. അപ്പസ്തോലികകാലം മുതൽ സഭയിൽ ഏകസ്ഥജീവിതം നിലവിലുണ്ടായിരുന്നു (അപ്പ. 21:9-11, 1 കോറി. 7:25-35).

സ്വതന്ത്രമായി ഏകസ്ഥജീവിതം നയിക്കുന്നവരും സാഹചര്യംകൊണ്ട് ഏകസ്ഥജീവിതം നയിക്കേണ്ടി വരുന്നവരും ഉണ്ട്. ദൈവത്തിന്റെ പദ്ധതികൾക്ക് ഭാവാത്മകമായി പ്രത്യുത്തരിക്കാൻ ഇരുകൂട്ടർക്കും കഴിയണം. തങ്ങളുടെ അവസ്ഥയെ ദൈവവിളിയായി കണ്ട് ജീവിതത്തെ ക്രമപ്പെടുത്താൻ അവരെ സഹായിക്കേണ്ടതാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനസന്ദേശത്തിൽ പറയുന്നത് ശ്രദ്ധേയമാണ്, 'ഏകസ്ഥജീവിതം നയിക്കുന്ന സ്ത്രീകളേ, നിങ്ങളുടെ വിളി കൊണ്ട് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. സമുദായം നാലുവശത്തുനിന്നും ഏകസ്ഥരോട് ചിലത് ആവശ്യപ്പെടുന്നുണ്ട്. കുടുംബജീ

വിതം നയിക്കുന്നവർക്കുപോലും കുടുംബമില്ലാതെ ജീവിക്കുന്നവരുടെ സഹായം കൂടാതെ ജീവിക്കാൻ കഴിയുകയില്ല'. തങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് എന്തെല്ലാമാണെന്ന് അവർ കണ്ടെത്തണം. കൗൺസലിംഗ്, ഹോം നേഴ്സിംഗ്, മതബോധനം, വചനശുശ്രൂഷ, പ്രാർത്ഥനാ ശുശ്രൂഷ, ദേവാലയത്തിൽ സഹായിക്കൽ, ഉപവിപ്രവൃത്തികൾ, ഭക്തസംഘടനയിലെ പങ്കാളിത്തം തുടങ്ങിയ അനേകം കാര്യങ്ങൾ ഏകസ്ഥർക്ക് ചെയ്യാനാവും.

കുടുംബവും സമൂഹവും ഏകസ്ഥ ജീവിതം നയിക്കുന്നവരോട് സ്നേഹത്തോടും ധാരണയോടുംകൂടെ പെരുമാറണം. അവരെ അപമാനമായും ശാപമായും തരംതാണവരായും കാണാനിടയാകരുത്. ചരിത്രഗതിയിൽ അങ്ങനെ പലപ്പോഴും സംഭവിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ഏകസ്ഥർ തന്നെ ആ മനോഭാവങ്ങൾ സ്വന്തമാക്കി, തങ്ങളോടുതന്നെ മതിപ്പില്ലാതെ, സ്വയം നിർമ്മിച്ച ബന്ധനത്തിൽ ദു:ഖിതരും ഏകാന്തരും നിരാശരും ആയി കഴിയാൻ ഇടയായിട്ടുണ്ട്, ഇന്നും ഇടയാകുന്നുമുണ്ട്. മറ്റുള്ളവരെപ്പോലെ അന്തസ്സോടും മഹത്വത്തോടും സ്വാതന്ത്ര്യത്തോടും അവകാശത്തോടുംകൂടെ ജീവിക്കേണ്ടവരാണ് ഏകസ്ഥരും. ഏകസ്ഥജീവിതം തിരഞ്ഞെടുത്ത മക്കൾക്ക് സ്വാതന്ത്ര്യവും പ്രോത്സാഹനവും മാതാപിതാക്കളിൽ നിന്നുണ്ടാകണം. കുടുംബത്തിൽ നിന്ന് അർഹമായി ലഭിക്കേണ്ട സ്വത്ത് അവർക്ക് സ്വാതന്ത്ര്യത്തോടെ കൈകാര്യം ചെയ്യത്തക്കവിധം മാതാപിതാക്കൾ നൽകണം. മാതാപിതാക്കളും സഹോദരങ്ങളും അവരെ സ്വാർത്ഥലാഭത്തിനുവേണ്ടി ഉപയോഗിക്കുന്നത് തീർത്തും തെറ്റാണ്. അടിമയെപ്പോലെ ജോലിചെയ്യിച്ചിട്ട് വാർദ്ധക്യത്തിലും രോഗത്തിലും പുറംതള്ളപ്പെടുന്ന വനിതാഏകസ്ഥരുണ്ടെന്നത് വേദനാജനകമാണ്. ദൈവൈക്യത്തിലെ ഏകസ്ഥ ജീവിതം സന്തോഷപ്രദമാകൂ. അതിനാൽ ഏകസ്ഥരുടെ ആത്മീയ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യങ്ങൾ കുടുംബം സൃഷ്ടിക്കണം. ഓരോ രൂപതയിലുമുള്ള ഏകസ്ഥരെക്കുറിച്ച് പഠിക്കാനും അവർക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാനും ഫാമിലി അപ്പസ്തോലേറ്റ് കേന്ദ്രം നേതൃത്വം നൽകണമെന്ന് താത്പര്യപ്പെടുന്നു. ഏകസ്ഥരുടെ ഒരു ലിസ്റ്റ് രൂപതാടിസ്ഥാനത്തിൽ തയ്യാറാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. പിന്നീട് അവരെ ഒന്നിച്ചുകൂട്ടി അവരുടെ വിളിയും ദൗത്യവും ജീവിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കാനും പരിശ്രമിക്കുമല്ലോ.

സ്ത്രീത്വത്തിന്റെ ഉത്തമമാതൃകയായ പരിശുദ്ധ കന്യാകാമറിയത്തെയാണ് സ്ത്രീകൾ അനുകരിക്കേണ്ടത്. ക്രിസ്തുവിനെ ലോകത്തിനു നൽകിയ മറിയത്തെപ്പോലെ ജീവിക്കാനും പ്രവർത്തിക്കാനും ഓരോ സ്ത്രീക്കും കഴിയട്ടെ.

**മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**
ചെയർമാൻ, കെ.സി.ബി.സി.
ഫാമിലി കമ്മീഷൻ

Palakkad Rupatha Bulletin March '09

## 2008–2011 വർഷത്തേക്കുള്ള രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ദ്വിതീയ യോഗ റിപ്പോർട്ട്

2008–2011 വർഷത്തേക്കുള്ള രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ദ്വിതീയ യോഗം 2009 ഫെബ്രുവരി 21-ന് പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. കൗൺസിലിന്റെ അജൻഡ കമ്മിറ്റിയംഗം ശ്രീമതി മേഴ്സി ഷാജു നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അഭിവന്ദ്യ പിതാവ് വിഷയാവതരണത്തിനെത്തിയ കേരള ഹൈക്കോടതി അഡ്വക്കേറ്റും പ്രശസ്ത സഭാ സംഘടനാ പ്രവർത്തകനും വ്യക്തിത്വ വികസന പരിശീലകനുമായ ശ്രീ. ചാർളി പോളിനും എല്ലാ കൗൺസിൽ അംഗങ്ങൾക്കും സ്വാഗതം പറയുകയും ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. സർക്കാർ നിയമിച്ച നിയമപരിഷ്ക്കരണ സമിതിയുടെ 107 ശുപാർശകളിൽ സഭയ്ക്കും ജീവന്റെ സംരക്ഷണത്തിനുമെതിരായുള്ള നാലു നിർദ്ദേശങ്ങൾ സഭയേയും സമൂഹത്തെയും പ്രതികൂലമായി ബാധിക്കും. നിയമശുപാർശകൾ നിയമമാകാൻ പ്രക്രിയാതാമസം ഉണ്ടാകാമെങ്കിലും നാം ഉണർന്ന് പ്രതികരിക്കുന്നില്ലെങ്കിൽ അത് ദോഷകരമായ നിയമനിർമ്മാണത്തിന് സഹായകമായിത്തീരും. വിവിധ സഭാസമൂഹങ്ങൾ തമ്മിലും പുരോഹിതനേതൃത്വവും അൽമായരും തമ്മിലും ഭിന്നത ഉണ്ടാക്കുക എന്ന ഗൂഢലക്ഷ്യത്തോടെയാണ് സഭാസ്വത്തിന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള ശുപാർശകൾ കൊണ്ടുവന്നിരിക്കുന്നത്. സഭയുടെ വളർച്ചയിലും കെട്ടുറപ്പിലും അതൃപ്തിയും അസൂയയുമുള്ളവർ സമൂഹത്തിലുണ്ടെന്നത് വളരെ വ്യക്തമാണെന്നും അഭിവന്ദ്യ പിതാവ് സന്ദേശത്തിൽ സൂചിപ്പിച്ചു. കൗൺസിലിന്റെ പ്രഥമ യോഗ റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു.

തുടർന്ന് അഡ്വ. ചാർളി പോൾ വിഷയാവതരണം നടത്തി. നിയമശുപാർശകൾക്ക് പുറകിലുള്ള പ്രവർത്തനങ്ങളെയും ഇടപെടലുകളെയും കുറിച്ചും ശുപാർശകൾ നടപ്പിലായാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുക്കളെക്കുറിച്ചും ഭരണഘടനാപരമായി അവയുടെ നിലനിൽപ്പിനെക്കുറിച്ചുമെല്ലാം അദ്ദേഹം വിശദമായി സംസാരിച്ചു.

പീനൽ കോഡ് ഭേദഗതി വഴി ദയാവധവും ആത്മഹത്യയും സാമൂഹ്യ നന്മയായി കണക്കാക്കപ്പെടും. ദയാവധം നിയമവിധേയമാക്കിയ രാജ്യങ്ങളിൽ വൃദ്ധരും രോഗികളും അനുഭവിക്കുന്ന മാനസിക ഭീതി ദയനീയമാണ്. ജിവന്റെ സംരക്ഷണത്തിന് പ്രതിജ്ഞയെടുത്തിരിക്കുന്ന ഡോക്ടർമാർ തന്നെ ദായവധത്തിന് സഹകരിക്കേണ്ടിവരുമെന്നത് ശോചനീയമാണ്. ജീവന്റെ മേഖല ദൈവികമാണ്. വൈദ്യശാസ്ത്രത്തിനു പോലും

ദായവധത്തിന് കാരണമായി സ്വീകരിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങളിൽ വ്യക്തമായ നിലപാടുകളെടുക്കുക ദുഷ്ക്കരമാണ്. സഭാ പഠനമനുസരിച്ച് ദയാവധം രോഗിയുടെ സമ്മതപ്രകാരമാണെങ്കിലും അല്ലെങ്കിലും കൊലപാതകമാണ്.

കുടുംബ ക്ഷേമത്തിനും രാഷ്ട്ര നന്മക്കും എന്ന് വിശേഷണത്തോടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ബിൽ ജനനനിയന്ത്രണത്തെ രാഷ്ട്രനിയമമാക്കി മാറ്റുകയും നിയമമനുസരിക്കുന്നവർക്ക് പ്രോത്സാഹനവും മാതാപിതാക്കൾക്കടുത്ത സ്വാതന്ത്ര്യത്തോടെ സന്താനങ്ങൾക്ക് ജന്മം നൽകുന്നവർക്ക് ശിക്ഷയും വിഭാവനം ചെയ്തിരിക്കുന്നു. ജനസമ്പത്താണ് ഒരു രാഷ്ട്രത്തിന്റെ ശക്തി എന്ന തിരിച്ചറിവിൽ ലോക രാഷ്ട്രങ്ങൾ കുട്ടികളുടെ എണ്ണത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ വിപരീത ദിശയിൽ സഞ്ചരിച്ച് നാടിനെ വൃദ്ധരുടെ നാടാക്കി മാറ്റാനേ ഈ ബിൽ സഹായിക്കൂ. സഭയുടെ പഠനമനുസരിച്ചുള്ള നിലപാടുകളും അഭിപ്രായപ്രകടനങ്ങളും ബില്ലിന്റെ കാഴ്ചപ്പാടിൽ ശിക്ഷനടപടികൾക്ക് കാരണമാകും.

ക്രിസ്ത്യൻ വിവാഹ നിയമം കൂദാശപരമല്ലാതെയുള്ളതും സർക്കാർ നിയമക്കുന്നവരാൽ നടത്തപ്പെടുന്നതുമായ വിവാഹങ്ങളെയും ക്രിസ്തീയ വിവാഹമായി നിശ്ചയിക്കുന്നു. സർക്കാർ നടപടികളെ സഭ അംഗീകരിച്ചില്ലെങ്കിൽ അത് ശിക്ഷകൾക്ക് കാരണമാകും.

സഭാസ്വത്തുക്കൾ ദേവസ്വം ബോർഡ് മാതൃകയിൽ ട്രസ്റ്റായി രൂപപ്പെടുത്തി സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ളതാണ് ചർച്ച് പ്രോപെർടീസ് ബിൽ. സഭയിൽ നിലവിലുള്ള സ്വത്ത് ഭരിക്കപ്പെടുന്നത് സുതാര്യമായാണ്. മാർപാപ്പയോ മെത്രാന്മാരോ സഭാസ്വത്തിന്റെ ഉടമസ്ഥരല്ല. സഭ വിശ്വാസികളുടെ സമൂഹമാണ്. ദൈവിക അധികാരം സഭാധികാരികളിലൂടെ വിനിയോഗിക്കപ്പെടുന്നു എന്നത് വിശ്വാസത്തിന്റെ ഭാഗമാണ്. സഭക്ക് വേണ്ടി നിയമമുണ്ടാക്കേണ്ടത് സഭാമക്കളാണ്; സഭക്കു പുറത്തുള്ളവരല്ല. സഭക്ക് ഇപ്പോൾ തന്നെ കോടതികൾതന്നെ അംഗീകരിച്ചിട്ടുള്ള കാനൻ നിയമവും വ്യക്തിനിയമങ്ങളുമുണ്ട്. സഭയുടെ വളർച്ചക്ക് പിന്നിൽ വൈദിക സന്യസ്തരുടെ ത്യാഗപൂർണ്ണമായ സമർപ്പണമുണ്ട്. സഭയുടെ സ്വത്തുക്കൾ ആരുടെയും ദാനമല്ല. ആർജ്ജിച്ചെടുത്തതാണ്.

മാധ്യമങ്ങളിലൂടെയുള്ള എതിർ പ്രതികരണങ്ങൾക്ക് തക്കതായ മറുപടികൾ നൽകാൻ അൽമായരെ ഒരുക്കേണ്ടതുണ്ടെന്നും അൽമായരുടേതായി കൂടുതൽ പ്രതികരണങ്ങൾ വാർത്താമാദ്ധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാൻ അവസരമൊരുക്കണമെന്നും അഡ്വ. ചാർളി പോൾ നിർദ്ദേശിച്ചു.

തുടർന്ന് ഫെറോന സെക്രട്ടറിമാർ അതത് ഫൊറോനകളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. എല്ലാ റിപ്പോർട്ടുകളും വിവാദ ശുപാർശകളെ നിശി



തമായി വിമർശിച്ചു. ഇടതുപക്ഷ സർക്കാർ ക്രൈസ്തവർക്കെതിരായി നടത്തിക്കൊണ്ടിരിക്കുന്ന നടപടികളിൽ ഏറ്റവും ഒടുവിലത്തേതാണ് ഈ ശുപാർശകൾ. ശക്തമായ പ്രതികരണം നടത്തുക, വചന ശുശ്രൂഷ വേദികളിലും കുടുംബസമ്മേളനങ്ങളിലും വേദോപദേശ ക്ലാസ്സുകളിലും മറ്റു സഭാവേദികളിലും കമ്മീഷൻ നിർദ്ദേശങ്ങളിലെ ആപത്തുകൾ അനാവരണം ചെയ്യുക, പ്രതികരിക്കാനായി ജാഗ്രതാസമിതികൾ രൂപീകരിക്കുക, ജീവന്റെ സംരക്ഷണത്തെക്കുറിച്ചുള്ള സഭാപഠനങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുക്കുക, വാർത്താമാദ്ധ്യമങ്ങളിൽ പ്രതികരിക്കാൻ അൽമായരുടെ സമിതി രൂപീകരിക്കുക, പ്രതിഷേധ യോഗങ്ങൾ സംഘടിപ്പിക്കുക, സഭാനിലപാട് വ്യക്തമാക്കുന്ന ലഘുലേഖകൾ ജനങ്ങളിലെത്തിക്കുക, പ്രൊ-ലൈഫ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, മൂന്നാമത്തെ മുതലുള്ള കുട്ടികൾക്ക് സഭാതലത്തിൽ ആനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക, രൂപതാതലത്തിൽ റിസോഴ്സ് ടീമിനെ രൂപീകരിച്ച് നമ്മുടെ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഫൊറോനകൾ മുന്നോട്ട് വച്ചു. പിന്നീട് വിഷയാധിഷ്ഠിത ചർച്ച നടന്നു. വികാരി ജനറാൾമോൺ, ജോസഫ് ചിറ്റിലപ്പിള്ളി അച്ചൻ ഒരുക്കിയ ലീഫ് ലെറ്റ് വിഷയപഠനത്തിന് ഉപകരിച്ചതായി കണ്ടു. ക്ലാസ്സുകളിലും ഫൊറോന റിപ്പോർട്ടുകളിലും നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടു. അംഗങ്ങളുടെ സംശയങ്ങൾക്ക് അഡ്വ. ചാർളി പോൾ മറുപടി നൽകി. സഭയെ എതിർക്കുന്നവരോട് ഡയലോഗിലേർപ്പെടുന്നതും സഭാമക്കൾ രാഷ്ട്രീയത്തിൽ ക്രൈസ്തവത്തനിമയോടെ പ്രവർത്തിക്കുന്നതും അഭികാമ്യാണ്. ഇപ്പോൾ നിലവിലുള്ളസ്വത്തു പരിപാലനരീതിയിലും നടപടിക്രമങ്ങളിലും പൂർണ്ണ വിശ്വാസമുണ്ടെന്ന് കൗൺസിൽ അറിയിച്ചു. എന്തെങ്കിലും കാര്യങ്ങളിൽ ബുദ്ധിമുട്ടുള്ളവർ അക്കാര്യങ്ങൾ നേതൃത്വത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

നിയമപരിഷ്ക്കരണ സമിതിയുടെ നിർദ്ദേശങ്ങളിലെ അപകടങ്ങളെക്കുറിച്ച് ബോധവൽക്കരണം ഊർജ്ജ്വലപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കാമെന്നും റിസോഴ്സ് ടീമിനെ എത്രയും വേഗം തയ്യാറാക്കാമെന്നും അഭിവന്ദ്യ പിതാവ് സമാപന സന്ദേശത്തിൽ പറഞ്ഞു.

പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീ. കെ.പി ലോറൻസ് യോഗത്തിനുവേണ്ടി നിയമപരിഷ്ക്കരണ സമിതിയുടെ അസ്വീകാര്യ നിർദ്ദേശങ്ങൾക്കെതിരായുള്ള പ്രമേയം അവതരിപ്പിക്കുകയും യോഗം അത് പാസ്സാക്കുകയും ചെയ്തു. അദ്ദേഹം പിറ്റേന്ന് ജന്മദിനമാഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് കൗൺസിലിന്റെ പേരിൽ മംഗളങ്ങൾ നേരുകയും യോഗത്തിൽ സംബന്ധിച്ച ഏവർക്കും നന്ദി പറയുകയും ചെയ്തു.

പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫോ. തോം കിഴക്കേടത്ത്**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

# From the Bishop's Office

**ആശംസകൾ**

മാർച്ച് 19 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന രൂപതാ വികാരി ജനറാൾ, മോൺ. ജോസഫ് ചിറ്റിലപ്പള്ളി അച്ചന് ആശംസകൾ.

**മാസധ്യാനം**

ബഹുമാനപ്പെട്ട വൈദികരുടെ മാർച്ച് മാസത്തിലെ ധ്യാനം **പത്താം തിയ്യതി രൂപതാ കാര്യാലയത്തിൽ** വെച്ച് നടത്തപ്പെടുന്നതാണ്. ധ്യാനഗുരു: സി.എം.ഐ. പ്രിയോർ ജനറാൾ റവ. ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ അച്ചനാണ്. 'Welcoming Parishes' എന്ന വിഷയത്തെപ്പറ്റി അച്ചൻ സംസാരിക്കും.

**സൈത്ത് വെഞ്ചരിപ്പ്**

ഈ വർഷത്തെ സൈത്ത് വെഞ്ചരിപ്പിന്റെ തിരുകർമ്മങ്ങൾ **ഏപ്രിൽ 6-ാം** തീയതി **രൂപതാകര്യാലയത്തിൽ** വെച്ച് നടത്തപ്പെടുന്നു. 10.30 ന് ധ്യാനം ആരംഭിക്കുന്നു. അതിലും തുടർന്നുള്ള സമൂഹബലിയിലും രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും സംബന്ധിക്കേണ്ടതാണ്. അന്നുതന്നെ സൈത്ത് ബഹു. അച്ചൻമാർക്ക് പള്ളികളിലേക്ക് കൊണ്ടുപോകാവുന്നതാണ്.

**വിവിധ പിരിവുകൾ**

2008-2009 വർഷത്തിൽ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ട വിവിധപിരിവുകൾ കൊടുക്കാത്തവർ അത് മാർച്ച് മാസം തന്നെ കൊടുത്തുതീർക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**നോമ്പുകാല പിരിവുകൾ**

നോമ്പുകാലത്ത് വിശപ്പിനും രോഗത്തിനും എതിരെ എടുക്കുന്ന പിരിവും വിശുദ്ധ സ്ഥലങ്ങളുടെ സംരക്ഷണത്തിന് ദുഃഖവെള്ളിയാഴ്ച എടുക്കുന്ന പിരിവും രൂപതാ പ്രൊക്കുറേറ്ററെ മാസാവസാനത്തോടെ ഏൽപ്പിക്കേണ്ടതാണ്.

**നിത്യാരാധനകപ്പേള**

രൂപതാ നിത്യാരാധന കപ്പേളയിൽ വലിയ ആഴ്ചയിലെ വ്യാഴം, വെള്ളി, ശനി, തിങ്കൾ (ഏപ്രിൽ 9, 10, 11, 13) എന്നീ ദിവസങ്ങളിൽ ആരാധനയും വിശുദ്ധ കുർബ്ബാനയും ഉണ്ടായിരിക്കുന്നതല്ല.

**പുതിയ ഫോൺ നമ്പർ**

പുല്ലിശ്ശേരി സെന്റ് മേരീസ് കോൺവെന്റ് 0492/4235470

**ദൈവവിളി ധ്യാനം**

രൂപതയിലെ ദൈവവിളി ധ്യാനം മാർച്ച് 29 മുതൽ ഏപ്രിൽ 2 വരെ കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് സെമിനാരി വാർത്തകൾ കാണുക.





**ആശംസകൾ**

ഹോളിഫാമിലി സഭയുടെ ജനറാൾ ആയി തെരഞ്ഞെടുക്കപ്പെട്ട റവ. സി. പ്രസന്ന തട്ടിൽ സി.എച്ച്.എഫിന് ആശംസകൾ.

ഹോളിഫാമിലി മരിയൻ പ്രൊവിൻസിന്റെ പുതിയ ഭരണസമിതി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സി. പുഷ്പ സി.എച്ച്.എഫ്. (പ്രൊവിൻഷ്യൽ), സി. ആനി മരിയ സി.എച്ച്.എഫ്. (വിക്കർ പ്രൊവിൻഷ്യൽ), സി. സുമ സി.എച്ച്.എഫ്. (കൗൺസിലർ), സി. രഞ്ജിത സി.എച്ച്.എഫ്. (കൗൺസിലർ), സി. പാവന സി.എച്ച്.എഫ്. (കൗൺസിലർ) എന്നിവർക്ക് ആശംസകൾ.

**ഒസർവത്തോരോ റൊമാനോ**

ഒസർവത്തോരോ റൊമാനോ, അജപാലകൻ എന്നീ പ്രസിദ്ധീകരണങ്ങളുടെ ഓഫീസുകളിലേക്ക് സ്ഥലം മാറ്റം ലഭിച്ച വൈദികർ പുതിയ അഡ്രസ്സ്, സ്ലിപ്പിലെ രജി- നമ്പർ ചേർത്ത് അയച്ചു കൊടുക്കുവാൻ താല്പര്യപ്പെടുന്നു.

**പാൻ കാർഡ്**

കാർഡും സർട്ടിഫിക്കറ്റും ഒർജിനൽ രൂപതാ കച്ചേരിയിൽ ഏൽപ്പിക്കണം. പള്ളികളുടെ ആധാര എൻട്രി ഫോം (അരമനയിൽ നിന്ന് നൽകിയിട്ടുള്ളത്) കൊണ്ടുവരികയും, ഒപ്പിട്ട് വാങ്ങേണ്ടതുമാണ്.

**സ്ഥിതിവിവര രേഖകൾ**

വികാരിയച്ചൻ സ്ഥലംമാറി പോകുമ്പോൾ പള്ളി റെക്കോഡുകളുടെ സ്ഥിതിവിവര രേഖകൾ പൂരിപ്പിച്ച് ഒരു കോപ്പി പുതുതായി വരുന്ന അച്ചനെ ഏൽപ്പിക്കേണ്ടതും, ഒരു കോപ്പി രൂപതാ കച്ചേരിയിൽ ഏൽപ്പിക്കേണ്ടതുമാണ്.

**പള്ളിക്കണക്ക്**

1. പള്ളിയുടെ ബാങ്ക് അക്കൗണ്ട് വികാരിയുടെയും കൈക്കാരന്റെയും ജോയിന്റ് അക്കൗണ്ട് -ൽ ആയിരിക്കണം കൈകാര്യം ചെയ്യേണ്ടത്.
2 നമ്മുടെ പള്ളിരേഖകളിൽ കൈക്കാരൻ എന്നതിനുപകരം **ട്രസ്റ്റി** എന്ന ഇംഗ്ലീഷ് വാക്ക് ഉപയോഗിക്കരുത്. നിലവിലുള്ള ബാങ്ക് എക്കൗണ്ടിൽ ട്രസ്റ്റി എന്നു കൊടുത്തിട്ടുണ്ടെങ്കിൽ ആ അക്കൗണ്ട് ക്ലോസ് ചെയ്ത് വികാരിയച്ചന്റെയും കൈക്കാരന്റെയും പേരിൽ ആക്കേണ്ടതാണ്.
3. പള്ളിയിലെ സംഘടനകളുടെ വാർഷിക കണക്ക് അതാതു സംഘടനകളുടെ വാർഷിക പൊതുയോഗത്തിൽ വായിച്ചു പാസാക്കുകയും, ഓരോന്നിന്റേയും സംക്ഷിപ്ത രൂപം ഇടവക വാർഷിക പൊതു യോഗത്തിൽ ബന്ധപ്പെട്ട ഭാരവാഹികൾ അവതരിപ്പിക്കേണ്ടതുമാണ്.

**<u>തെരട്ടിനെ സംബന്ധിച്ച്</u>**

1. 2008 -2009 പള്ളിക്കണക്ക് CA ഓഡിറ്റിംങ്ങ് നടത്തുവാൻ രൂപതാ കാര്യാലയത്തിൽ ക്രമീകരണം ചെയ്തിട്ടുണ്ട്. ഇവിടെ ഓഡിറ്റിംങ്ങ് നടത്തണ

മെന്നുള്ളവർ എല്ലാ റിക്കാർഡുകളും കണക്കു പുസ്തകങ്ങളും ഏപ്രിൽ 30ന് മുമ്പ് ഏല്പിക്കേണ്ടതാണ്.

2. നമ്മുടെ പള്ളികൾക്ക് ഇൻകംടാക്സ് 12A രജിസ്ട്രേഷനുള്ളതിനാൽ കണക്ക് (സംഖ്യ കുറവാണെങ്കിലും) ഓഡിറ്റ് ചെയ്തിരിക്കണം.

3. പുറമെ ഓഡിറ്റ് നടത്തുന്നവർ ഇൻകംടാക്സ് റിട്ടേൺ കൊടുക്കത്തക്ക വിധത്തിലുള്ള റിപ്പോർട്ട് തെരട്ടിനോടൊപ്പം കൊണ്ടുവരേണ്ടതാണ്.

a) പള്ളികളുടെ വാർഷിക കണക്ക് പള്ളിയോഗം നിശ്ചയിക്കുന്ന ഇന്റേണൽ ഓഡിറ്റർമാർ ആദ്യം ഓഡിറ്റിംങ്ങ് നടത്തിയിരിക്കണം.

b) ഇന്റേണൽ ഓഡിറ്റിംങ്ങ് റിപ്പോർട്ടു സഹിതം (രൂപതയിൽ നിന്ന് ഈ വർഷം തന്ന ഫോമിൽ) കണക്ക് പ്രതിനിധിയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കുകയും തുടർന്ന് CA ഓഡിറ്റിംങ്ങ് നടത്തിയ കണക്ക് വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ച് തെരട്ട് പാസ്സാക്കുകയും വേണം.

c) തെരട്ട് അരമനയിൽ കൊണ്ടു വരുമ്പോൾ ഇന്റേണൽ ഓഡിറ്റിംഗ് റിപ്പോർട്ട്, തെരട്ട് ഫോം, തെരട്ട് പുസ്തകം, നാൾ വഴി, CA ഓഡിറ്റ് ചയ്ത കണക്ക്, ഇൻകം ടാക്സ് റിട്ടേൺ കൊടുക്കാനുള്ള റിപ്പോർട്ട് എന്നിവ ഉണ്ടായിരിക്കണം.

d) കംപ്യൂട്ടറിൽ ലെഡ്ജർ തയ്യാറാക്കുമ്പോൾ നമ്മുടെ തെരട്ട് ഫോമിലെ ഇനങ്ങൾ തന്നെ ഉൾക്കൊള്ളിക്കേണ്ടതാണ്.

e) വാർഷിക തെരട്ട് അരമനയിൽ വാസ്തവപ്പെടുത്തിയാലെ പുതിയ കൈക്കാരന്മാരെ നിയമിച്ചു കൊണ്ടുള്ള കല്പനയും തിരുനാൾ നടത്താനുള്ള അനുവാദവും നൽകുകയുള്ളൂ.

f) തെരട്ടു സമർപ്പിക്കുവാനുള്ള ദിവസ ക്രമീകരണം താഴെച്ചേർക്കുന്നുണ്ട്. സമയം രാവിലെ 9 മുതൽ 1 വരെ. തെരട്ട് വർഷത്തെ കൈക്കാരന്മാർ തെരട്ടു പ്രകാരമുള്ള വിഹിതങ്ങൾ രൂപതാ പ്രൊക്കുറേറ്ററെ ഏല്പിച്ച് രസീത് വാങ്ങിക്കേണ്ടതാണ്.

g) സമയവും സൗകര്യവുമസരിച്ച് കൈക്കാരന്മാർക്ക് അഭിവന്ദ്യ പിതാവിനെ കണ്ട് ഇടവക സംബന്ധമായ കാര്യങ്ങൾ സംസാരിക്കാവുന്നതാണ്.

h) പള്ളികൾക്കു നിശ്ചിക്കപ്പെട്ട ദിവസത്തിനു മുമ്പ് തെരട്ട് കൊണ്ടുവരുവാൻ തയ്യാറാണെങ്കിൽ സ്വാഗതം. എന്നാൽ ഫോൺ ചെയ്ത് മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**തെരട്ട് സമർപ്പിക്കേണ്ട പള്ളികളുടെ ക്രമം**

| | | |
|---|---|---|
| മെയ് | 25 തിങ്കൾ | ആലത്തൂർ, പഴമ്പാലക്കോട്, മെഴുകുംപാറ, കാരാപ്പാടം, |



| | | |
|---|---|---|
| | | മേലാർക്കോട്, കാരറ, ശാന്തിതടം |
| | 26 ചൊവ്വ | പന്തലാംപാടം, കാഞ്ഞിരപ്പുഴ, ചന്ദ്രനഗർ, കാരാകുർശ്ശി, തോണിക്കുഴി |
| | 27 ബുധൻ | ആലങ്ങാട്, കടമ്പഴിപ്പുറം, ധോണി, ഇരുമ്പകച്ചോല |
| | 28 വ്യാഴം | അഗളി, അരപ്പാറ, എളവമ്പാടം, കല്ല, കൗണ്ടംപാളയം |
| | 29 വെള്ളി | കണ്ടമംഗലം, മൂച്ചംകുണ്ട്, കടപ്പാറ, കടമ്പൂർ, ചെർപ്പുളശ്ശേരി |
| | 30 ശനി | കഞ്ചിക്കോട്, കരിമ്പ, പൊന്നംകോട്, കൊഴിഞ്ഞാംപാറ, മണ്ണാർക്കാട്, കല്ലടിക്കോട് |
| ജൂൺ | 1 തിങ്കൾ | മേരിലാന്റ് (ചിറ്റടി), മരിയനഗർ (ചിറ്റടി), നീതിപുരം, ബാലേശ്വരം, ഗാന്ധിപുരം |
| | 2 ചൊവ്വ | ഒറ്റപ്പാലം, ഒലിപ്പാറ, ഒലവക്കോട്, ഓടന്തോട്, കയറാടി |
| | 3 ബുധൻ | പുറ്റാനിക്കാട്, പോത്തുണ്ടി, പൊന്ദ്ര, പുല്ലിശ്ശേരി |
| | 4 വ്യാഴം | പോത്തന്നൂർ, കുനിയംപുത്തൂർ, ഷൊർണൂർ, മലയകം, ഉക്കടം |
| | 5 വെള്ളി | വചനഗിരി, വാൽകുളമ്പ്, വടക്കഞ്ചേരി, വാൽപ്പാറ, പൂഞ്ചോല |
| | 6 ശനി | യാക്കര, വാലുപറമ്പ്, വിമലഗിരി, കാഞ്ഞിരപ്പുഴ ഡാം, മാങ്കുറുശ്ശി, മംഗലംഡാം, മലമ്പുഴ (മരിയ നഗർ) |
| | 8 തിങ്കൾ | പാലക്കയം, നിരവ്, വഴിക്കടവ്, നെന്മാറ, നെല്ലിയാമ്പതി, സീതാർകുണ്ട്, മലമ്പുഴ, കൈതച്ചിറ |
| | 9 ചൊവ്വ | അകമലവാരം, ആനക്കല്ല്, ചീനിക്കപ്പാറ, വട്ടപ്പാറ, കരൂർ |
| | 10 ബുധൻ | ഉണ്ണിമല, പുലിയറ, കുറവൻപാടി, ലിസ്യൂനഗർ, പുലാപ്പറ്റ |
| | 11 വ്യാഴം | വിശ്വാസപുരം, വാളയാർ, വയലൂർ, ഉടുമൽപേട്ട്, കരിങ്കയം |
| | 12 വെള്ളി | തിരുപ്പൂർ, ത്രിത്വമല, പാടൂർ, താവളം, തത്തമംഗലം, സേലം |
| | 13 ശനി | തിരുവിഴാംകുന്ന്, അലനല്ലൂർ, കാങ്കയം, എടത്തനാട്ടുകര, ആരോഗ്യപുരം, പൊൻകണ്ടം |
| | 15 തിങ്കൾ | ചുള്ളിയാംകുളം, ആനമൂളി, പല്ലടം, ചിറ്റിലഞ്ചേരി, ചിറ്റൂർ (അട്ടപ്പാടി), ഷോളയൂർ |
| | 16 ചൊവ്വ | പാലക്കാട് കത്തീഡ്രൽ, പാലക്കാട് ടൗൺ, പാലക്കുഴി |
| | 17 ബുധൻ | പാലപ്പുറം, പല്ലിയറ, പനംകുറ്റി |
| | 18 വ്യാഴം | പട്ടാമ്പി, കൂനത്തറ, കൊല്ലങ്കോട്, പൊള്ളാച്ചി, പരുത്തിക്കാട് |
| | 19 വെള്ളി | തച്ചനടി, കണ്ണമ്പ്ര, ചിറ്റൂർ, തെക്കെ മലമ്പുഴ |
| | 20 ശനി | എടയാർപാളയം, ഈറോഡ്, ശാസ്ത്രിനഗർ, കല്ലേക്കാട്, രാമനാഥപുരം, സുലേശ്വരംപെട്ടി |
| | 22 തിങ്കൾ | ജെല്ലിപ്പാറ, ജോസ്ഗിരി, രാജഗിരി, കല്ലേപ്പുള്ളി, കൊടുന്തിരപ്പുള്ളി, കേരളശ്ശേരി |
| | 24 ബുധൻ | കൊടുവായൂർ, കോട്ടായി, കോട്ടപ്പുറം, ശ്രീകൃഷ്ണപുരം, സുളൂർ, പൂമാർക്കറ്റ് |
| | 25 വ്യാഴം | മൈലംപുള്ളി, ഞാറക്കോട്, കാരമട, മേട്ടുപ്പാളയം, കുളക്കാട്ടുകുർശ്ശി |

# വിശ്വാസ പരിശീലനം

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ളസ്കൊളാസ്റ്റിക് ടെസ്റ്റ് 1-ാം തിയതി ഞായറാഴ്ച 10 മണി മുതൽ 12 മണിവരെ അതാത് യൂണിറ്റുകളിൽ വച്ച് നടക്കുന്നു. ഉത്തരക്കടലാസുകൾ 2-ാം തിയതി തിങ്കളാഴ്ച തന്നെ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

മാർക്ക് വിഭജന രീതി:

1. ബൈബിൾ നിങ്ങൾ ചോദിക്കുന്നതും അറിയേണ്ടതും- 15 മാർക്ക്
2. രൂപതാ ബുള്ളറ്റിനിലെ ജനറൽ ക്വിസ്-25 മാർക്ക് .
   (ജൂൺ 2008- ഫെബ്രുവരി 2009)
3. സഭാ സംബന്ധമായ പൊതുവിജ്ഞാനം-10 മാർക്ക്.
4. ജനറൽക്വിസ് (Catechism centre)-50 മാർക്ക്

NB.ചോദ്യപേപ്പറിൽ എല്ലാ ചോദ്യങ്ങളും ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടവയായിരിക്കും. ഉത്തരക്കടലാസിൽ പേരെഴുതരുത്. പേരും ഇടവകയും ഒരു കടലാസിൽ എഴുതി പിൻചെയ്യുക. ഉത്തരക്കടലാസിൽ ഇടവകയുടെ സീൽ വെയ്ക്കരുത്.

**സൺഡേ സ്കൂൾ റിസൾട്ട്**

വേദപാഠം പരീക്ഷയുടെ റിസൾട്ട് മാർച്ച് 15 ന് എല്ലാ സൺഡേ സ്കൂളുകളിലും പ്രസിദ്ധീകരിക്കുമല്ലോ.

കോയമ്പത്തൂർ ഫൊറോനയിൽ മാർച്ച് 2-ാം തിയ്യതി പ്രസിദ്ധീകരിക്കുവാൻ ഓർക്കുമല്ലോ.

**ക്ലാസ്സ് X,II HDC സർട്ടിഫിക്കറ്റുകൾ**

10-ാം ക്ലാസ്സിലേയും II HDCയിലേയും മാർക്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിനാവശ്യമായ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് മതബോധന കേന്ദ്രത്തിൽ നൽകിയിട്ടില്ലാത്ത യൂണിറ്റുകൾ മാർച്ച് 5-ാം തിയ്യതിയ്ക്ക് മുമ്പായി അവ ഓഫീസിൽ എത്തിക്കേണ്ടതാണ്. പൂരിപ്പിച്ച സർട്ടിഫിക്കറ്റുകളും ഫോമുകളും നൽകിയിട്ടില്ലാത്തവർ അവയും സർട്ടിഫിക്കറ്റ് ഫീസും സഹിതം ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഫൊറോന കൗൺസിലുകൾ**

2009-2010 അദ്ധ്യായന വർഷത്തെക്കുറിച്ച് ചർച്ച ചെയ്യുവാനും ചിന്തിക്കുവാനുമായി ഏപ്രിൽ മാസത്തിൽ ഫൊറാനകളിൽ സമ്മേളിക്കുന്നു. തിയ്യതിയും സമയവും ഫൊറാന ഡയറക്ടന്മാർ വഴി അറിയിക്കുന്നതാണ്. പ്രധാനാദ്ധ്യാപകരും, സെക്രട്ടറിമാരും ഫൊറോന കൗൺസിലിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്.

**IV,VII,X,II HDC സ്കോളർഷിപ്പ്**

സൺഡേ സ്കൂൾ IV,VII,X,II HDC ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം മാർച്ച് 25 ബുധനാഴ്ചയാണ്. (വിശദ വിവരങ്ങൾക്ക് കലണ്ടറിന്റെ 44 പേജ് കാണുക) പരീക്ഷ മെയ് 1-ാം തിയ്യതി വെളളിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചക്ക് 12.30വരെ ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടക്കുന്നതാണ്.

**സ്കോളർഷിപ്പ് പരീക്ഷ കേന്ദ്രങ്ങൾ.**

| | |
|---|---|
| പാലക്കാട് ഫൊറോന | - കത്തിഡ്രൽ സ്കൂൾ. |
| വടക്കഞ്ചേരി ഫൊറോന | - ചെറുപുഷ്പം സ്കൂൾ |
| കാഞ്ഞിരപ്പുഴഫൊറോന | - ഫൊറോന പാരിഷ്ഹാൾ. |
| മണ്ണാർക്കാട് ഫൊറോന | - ഫൊറോന പാരിഷ്ഹാൾ. |
| താവളം ഫൊറോന | - സെന്റ് പീറ്റേഴ്സ് സ്കൂൾ കൂക്കംപാളയം |
| ഒലവക്കോട് ഫൊറോന | - സെന്റ്തോമസ് സ്കൂൾ, ഒലവക്കോട് |
| ഒറ്റപ്പാലം ഫൊറോന | - ഫൊറോന പാരിഷ്ഹാൾ. |
| മേലാർക്കോട് ഫൊറോന | 1. മംഗലംഡാം പാരിഷ്ഹാൾ (മംഗലംഡാം, നീതിപുരം, കരിങ്കയം, മാങ്കുറുശ്ശി, ബാലേശ്വരം, ഓടംതോട്, പൊൻകണ്ടം, കടപ്പാറ, ഇളവംപാടം, മേരിലാന്റ് ചിറ്റടി, മരിയനഗർ ചിറ്റടി)<br>2. നെന്മാറ പാരിഷ്ഹാൾ. (നെന്മാറ, നെല്ലിയാമ്പതി, ഒലിപ്പാറ, കയറാടി, പോത്തുണ്ടി, ചിറ്റിലഞ്ചേരി, ആലത്തൂർ, മേലാർക്കോട്, അളവുശ്ശേരി. |

**റീ എക്സാമിനേഷൻ**

സൺഡേ സ്കൂൾ 10-ാം ക്ലാസിലെ റീ എക്സാമിനേഷന്റെ ചോദ്യപേപ്പറുകൾ ആവശ്യമുള്ളവർ മാർച്ച് 15-ാം തിയതിക്കു മുമ്പായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. റീ-എക്സാമിനേഷൻ മാർച്ച് 29-ാം തിയ്യതി ഞായറാഴ്ചയാണ്. മാർച്ച് 30-ാം തിയതി തിങ്കളാഴ്ച ഉത്തരക്കടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ചോദ്യപേപ്പറുകൾ മാർച്ച് 25-ാം തിയ്യതി മുതൽ മതബോധന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

**സ്കൂൾ കാറ്റിക്കിസം, സന്മാർഗ്ഗ ശാസ്ത്രം സ്കോളർഷിപ്പ്**

IV,VII,X,XII ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള (കുറഞ്ഞത് 70% മാർക്കുണ്ടാകണം) രണ്ട് കുട്ടികൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 7-ാം തിയ്യതിക്ക് മുമ്പായി മതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 1-ാം തിയ്യതി ബുധനാഴ്ച രാവിലെ 10.00 മണി മുതൽ 12 മണിവരെ മേഖലാ സെന്ററുകളിൽ വച്ച് നടത്തപ്പെടുന്നു. ഉത്തരക്കടലാസുകൾ ഏപ്രിൽ 2-ാം തിയ്യതി

വ്യാഴാഴ്ച തന്നെ മതബോധന കേന്ദ്രത്തിൽ എത്തിക്കണം.

**പരീക്ഷാ കേന്ദ്രങ്ങൾ.**

പാലക്കാട് മേഖല - കാണിക്കമാതാ സ്കൂൾ
മണ്ണാർക്കാട് മേഖല - ഹോളി ഫാമിലി യു.പി സ്കൂൾ, പൊന്നംങ്കോട്.
വടക്കഞ്ചേരി മേഖല - ചെറുപുഷ്പം സ്കൂൾ, വടക്കഞ്ചേരി.
താവളം മേഖല - സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം

**റെഗുലർസ്കൂൾ സ്കോളർഷിപ്പ് പരീക്ഷ കേന്ദ്രീകൃത മൂല്യ നിർണ്ണയം**

റെഗുലർ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷയുടെ കേന്ദ്രീകൃത മൂല്യ നിർണ്ണയം ഏപ്രിൽ 4-ാംതിയ്യതി ശനിയാഴ്ച 10 മണിമുതൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അദ്ധ്യാപകരും മൂല്യ നിർണ്ണയ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. ടീച്ചേഴ്സ്, പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**റെഗുലർ സ്കൂൾ പ്രവർത്തന റിപ്പോർട്ട്**

സ്കൂൾ വിശ്വാസ പരിശീലന പദ്ധതി പൂർത്തിയാക്കിയതിന്റെ റിപ്പോർട്ട് എല്ലാ സ്കൂളുകളും മാർച്ച് 30-ാം തിയ്യതി തിങ്കളാഴ്ചയ്ക്ക് മുമ്പായി രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**കടുകുമണി മിഷൻ ക്യാമ്പ്**

സീറോ മലബാർ സഭയിലെ കുട്ടികളിൽ പ്രേഷിതാവബോധം വളർത്തുന്ന മിഷൻ ക്വിസ്സിന്റെ ലക്ഷ്യം . രണ്ടാം തല മത്സരവിജയികളായ കുട്ടികൾക്കുള്ള മൂന്നാം തലമത്സരമാണ് .മൾട്ടീ മീഡിയ പ്രേക്ഷിത പഠനകളരി മേയ് 7,8,9 തിയ്യതികളിൽ വൈദീകരുടേയും, സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിൽ വെച്ച് പ്രസ്തുത ക്യാമ്പ് നടത്തപ്പെടുന്നു. വിവിധ ക്ലാസുകളിലൂടെയും, കളികളിലൂടെയും, ചർച്ചകളിലൂടെയും കുട്ടികൾക്ക് മിഷൻ പ്രവർത്തനത്തെ പരിചയപ്പെടുത്തികൊടുക്കുന്നു. ഈ മൂന്ന് ദിവസങ്ങളിലും മത്സരങ്ങൾ ഉണ്ടാകുന്നതാണ്. (പഠന സഹായി പ്രേഷിത പ്രവർത്തനം2008) ഈ മത്സരങ്ങളിൽ മികവ് പുലർത്തുന്നവരാണ് ശാലോം ടി.വി.യിൽ നടത്തപ്പെടുന്ന അന്തിമ റൗണ്ടിൽ മത്സരിക്കാൻ അർഹത നേടുക. നമ്മുടെ കുട്ടികൾക്ക് മിഷനെ അറിയുവാനുംടി.വി പ്രോഗ്രാമിൽ പങ്കെടുക്കാനും കടുകുമണി മിഷൻ ക്വിസ്സ് അവസരമൊരുക്കുന്നു. മൾട്ടീമീഡിയപ്രേഷിത പഠന കളരിയിൽ പങ്കെടുക്കാൻ വരുന്ന കുട്ടികൾ ഏപ്രിൽ 15-ന് മുമ്പായി ഞങ്ങളെ നിർബന്ധമായും വിളിച്ചറിയിക്കേണ്ടതാണ്. കടുകുമണി ഏജന്റുമാർക്കോ മറ്റ് അധ്യാപകർക്കോ ക്യാമ്പിൽ കുട്ടികളെ അനുഗമിക്കാൻ ആഗ്രഹമുണ്ടെങ്കിൽ ബന്ധപ്പെടുക.

ക്യാമ്പിന്റെ വിശദവിവരങ്ങൾക്കായി 9744268406, 9746145646,04842411600 ബന്ധപ്പെടുക.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, മതബോധനം



# സെന്റ് മേരീസ് മൈനർ സെമിനാരി

**ദൈവവിളി ധ്യാനം**

രൂപതയിലെ ദൈവവിളി ധ്യാനം മർച്ച് 29 ഞായറാഴ്ച 6 മണി മുതൽ ഏപ്രിൽ 2 വ്യാഴാഴ്ച രാവിലെ 9 മണി വരെ കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വെച്ച് നടക്കുന്നതാണ്. ഈ വർഷം പത്താംക്ലാസ്, പ്ലസ്ടു എഴുതിയിരിക്കുന്നവർക്കും മുൻപ് പാസ്സായവർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ മാർച്ച് 15ന് മുമ്പായി രൂപതാ വൊക്കേഷൻ പ്രമോട്ടറെ അറിയിക്കുമല്ലോ.

**ശംശാന, കാറോയപട്ടങ്ങൾ**

മാർച്ച് 28-ാം തിയ്യതി രാവിലെ 7.15ന് കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വെച്ച് വിവിധ പട്ടങ്ങൾ സ്വീകരിക്കുന്നവർ.

**ഡീക്കൻപട്ടം**

1. ബ്ര. കളപ്പുരക്കൽ ജോസഫ് (അനു)
2. ബ്ര. കാരിക്കാട്ടിൽ ഫിലിപ്പ് (സിജോ)
3. ബ്ര. കുറ്റിപ്പുഴക്കാരൻ പോൾ (സനിൽ)
4. ബ്ര. മാവറയിൽ സെബാസ്റ്റ്യൻ (ഷിജോ)
5. ബ്ര. തേക്കുംകാട്ടിൽ സെബാസ്റ്റ്യൻ (ജോമി)

**കാറോയപട്ടം**

1. ബ്ര. ഇമ്മട്ടി സ്റ്റീഫൻ (ലിനോ)

**സമ്മർ കാറ്റികിസം**

ഇടവകകളിൽ ഇന്റെൻസീവ് കാറ്റികിസത്തിനായി വൈദിക വിദ്യാർത്ഥികളുടെ സേവനം ആവശ്യമുള്ളവർ ക്ലാസ്സ് നടത്താനുദ്ദേശിക്കുന്ന തിയ്യതിയും ബ്രദേഴ്സിന്റെ എണ്ണവും മാർച്ച് 15ന് മുമ്പായി മൈനർ സെമിനാരി റെക്ടറെ അറിയിക്കേണ്ടതാണ്. ഏപ്രിൽ 12 ഈസ്റ്റർ കഴിഞ്ഞ് വരുന്ന ആഴ്ചകളിലാണ് ക്ലാസ്സുകൾ വിഭാവനം ചെയ്തിരിക്കുന്നത്.

**ഫാ. ജോസ് പൊന്മാണി**
റെക്ടർ, മൈനർ സെമിനാരി

**ക്രിസ്തീയ ഭക്തിഗാന സിഡി 'ലോഗോസ്' പ്രകാശനം ചെയ്തു**

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദൈവവചനത്തെപ്പററി തെരഞ്ഞെടുത്ത 11 ഗാനങ്ങളടങ്ങിയ ക്രിസ്തീയ ഭക്തിഗാന സിഡിയാണ് ലോഗോസ്. പ്രസിദ്ധ ഗായകർ പാടിയ ഇതിലെ ഗാനങ്ങൾ, ദൈവവചനത്തെക്കുറിച്ച് കേരള സഭയ്ക്ക് ഒരു നല്ല വചനവർഷസ്മരണികയാണ്.

പ്രസിദ്ധീകരണം: കേരള കാത്തലിക് ബൈബിൾ സൊസൈറ്റി. വില Rs 50
For Copies : Secretary, Kerala Catholic Bible Society POC, Kochi. Ph: 0484-2805897

# മാതൃസംഘം

**മാതൃസംഘം വാർത്തകൾ**

മാതൃസംഘം പാലക്കാട് രൂപത പ്രവർത്തനങ്ങൾക്ക് ഓരോ യൂണിറ്റുകളും നൽകുന്ന പ്രോത്സാഹനങ്ങൾക്ക് നന്ദി പറയട്ടെ. ഇടവക തിരുനാളുകൾ അവസാനിച്ച്, നോമ്പുകാലത്തിലേയ്ക്ക് പ്രവേശിച്ചല്ലോ. നോമ്പിന്റെയും ഉപവാസത്തിന്റെയും ചൈതന്യം ഉൾക്കൊള്ളാൻ അമ്മമാർ പരിശ്രമിക്കുക, കുടുംബാംഗങ്ങൾക്ക് ബോദ്ധ്യം നൽകുകയും നോമ്പാചരിക്കാനുള്ള സാഹചര്യം കുടുംബത്തിൽ സംജാതമാക്കുകയും ചെയ്യുക.

**വിശ്വാസം- അനുദിന ജീവിതസംബന്ധിയാകണം**

ജീവിതത്തിന്റെ നിർണ്ണായക നിമിഷങ്ങളെ വിശ്വാസ വെളിച്ചത്തിൽ അപഗ്രഥിക്കുവാനും മനസ്സിലാക്കാനും സാധിക്കണം. തിരുകുടുംബം വിശ്വാസ വെളിച്ചത്തിൽ ജീവിത പ്രശ്നങ്ങളെ അഭിമുഖീകരിച്ച മാതൃക പഠിക്കുക.

**വിശ്വാസ നിസംഗത ഇന്നിന്റെ ദുരന്തം**

ഭൗതികത വളർന്ന് ചിന്തയിലും പ്രവർത്തനമേഖലകളിലും കച്ചവട മനസ്ഥിതി വളർന്നു വരുന്നു. ഏതു വിധേനയും ലാഭവും നേട്ടവും ഉണ്ടാക്കാൻ പരിശ്രമിക്കുമ്പോൾ ദൈവം മനുഷ്യന് തടസ്സമാകുന്നു. മന: പൂർവ്വം മാറ്റി നിർത്തേണ്ട വ്യക്തിയായി ദൈവത്തെ കാണുന്നു. ആചാരങ്ങളിൽ മാത്രം ഒതുങ്ങുന്ന ജീവിതം, ചിലർക്ക് അതു ആവശ്യമില്ല. വിശ്വാസം അനാവശ്യം എന്ന നിലപാട്. എല്ലാറ്റിനോടും നിസ്സംഗത, മോചനം ആവശ്യമാണ്. മാധ്യമങ്ങളിലൂടെ പകർത്തുന്ന വിശ്വാസനിഷേധം .

**ലോക വനിതാ ദിനം**

2009 മാർച്ച് 8-ാം തീയതിയി അതിനടുത്ത ഞായറാഴ്ചയോ വനിതാദിനമായി ആചരിക്കുമല്ലോ. അന്നേദിനം കേരള സർക്കാരിന്റെ പുതിയ നിയമ പരിഷ്ക്കരണബില്ലിനെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക.

**കേരള സർക്കാരിന്റെ നിയമ പരിഷ്ക്കരണ ബിൽ**

ബഹുമാന്യനായ ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കരടു നിയമങ്ങളിൽ മനുഷ്യവംശത്തെ മുഴുവനും പ്രതികൂലമായി ബാധിക്കുന്ന നിയമ നിർദ്ദേശങ്ങളെപ്പറ്റി പഠിക്കുക.പ്രത്യേകിച്ച്



A. The Indian Penal Code(Kerala)Amendment Bill. The Kerala Terminally ill Patient Bill

ആത്മഹത്യ കുറ്റകരമല്ല ദയാവധം അനുവദനീയം

b.The Kerala Population Planning For Family Well being and Children's Development Bill

രണ്ടിൽകൂടുതൽ കുട്ടികളുള്ളവർക്ക് സർക്കാർ ആനുകൂല്യങ്ങളില്ല, ഗർഭച്ഛിദ്രം പ്രചരിപ്പിക്കുന്നു.

c.Kerala Christian Marriage Bill

ക്രിസ്തീയ വിവാഹകാര്യങ്ങളിൽ സർക്കാരിന് സ്ഥാനത്തും അസ്ഥാനത്തും ഇടപെടാനുള്ള അധികാരം നിയമാനുസൃതമാക്കുന്നു.

**എഫാത്ത 2009**

രൂപതയിലും ഫൊറോനയിലും യൂണിറ്റുകൾക്കും പ്രവർത്തനഫണ്ട് സ്വരൂപിക്കുവാൻ സമ്മാനപദ്ധതി തുടങ്ങുവാൻ തീരുമാനിച്ചു. യൂണിറ്റുകൾ സമാഹരിക്കുന്ന തുകയിൽ 50% യൂണിറ്റുകൾക്കും 20% ഫൊറോനക്കും 30% രൂപതയ്ക്കും ലഭിക്കുന്നതാണ്. ഓരോ യൂണിറ്റും ഓരോ സമ്മാനമെങ്കിലും സ്പോൺസർ ചെയ്യേണ്ടതും അത് 2009 മെയ് 30ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കേണ്ടതും സാധിക്കുമെങ്കിൽ സമ്മാനം അന്നുതന്നെ എത്തിക്കുകയും ചെയ്യുക.

101 സമ്മാനങ്ങൾ, കൂപ്പൺ വില 10 രൂപ.

**രൂപതാ ഓഫീസ്**

എല്ലാമാസവും രണ്ടാം ശനിയാഴ്ചകളിൽ രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ഓഫീസിൽ സെക്രട്ടറിയുടെ സേവനം ലഭ്യമാണ്.

**രൂപതാ എക്സിക്യൂട്ടീവ്**

മാതൃസംഘം രൂപതാ ഡയറക്ടർ, ആനിമേറ്റർ, ഭാരവാഹികൾ എന്നിവർ 2009 ഫെബ്രുവരി 23ന് മൂന്നു മണിക്ക് പാസ്റ്ററൽ സെന്ററിൽ ഒരുമിച്ച് കൂടുകയും ഭാവി പരിപാടികൾ ചർച്ചചെയ്ത് തീരുമാനമെടുക്കുകയും ചെയ്തു.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

# C W W C

**ചർച്ച**

ബഹുമാന്യനായ ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കരടു നിയമങ്ങളിൽ മനുഷ്യവംശത്തെ മുഴുവനും പ്രതികൂലമായി ബാധിക്കുന്ന നിയമ നിർദ്ദേശങ്ങളെപ്പറ്റി പഠിക്കുക.പ്രത്യേകിച്ച്

A. The Indian Penal Code(Kerala)Amendment Bill. The Kerala Terminally ill Patient Bill

ആത്മഹത്യ കുറ്റകരമല്ല ദയാവധം അനുവദനീയം

b.The Kerala Population Planning For Family Well being and Children's Development Bill

രണ്ടിൽകൂടുതൽ കുട്ടികളുള്ളവർക്ക് സർക്കാർ ആനുകൂല്യങ്ങളില്ല, ഗർഭച്ഛിദ്രം പ്രചരിപ്പിക്കുന്നു.

c.Kerala Christian Marriage Bill

ക്രിസ്തീയ വിവാഹകാര്യങ്ങളിൽ സർക്കാരിന് സ്ഥാനത്തും അസ്ഥാനത്തും ഇടപെടാനുള്ള അധികാരം നിയമാനുസൃതമാക്കുന്നു.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, CWWC

# Bible Apostolate

**ലോഗോസ് ക്വിസ്സ്- 2009**

പത്താം അഖില കേരള ലോഗോസ് ക്വിസ്സ്- 2009 ലെ ബൈബിൾ ക്വിസ് മത്സരത്തിലേക്ക് ഏവർക്കും സ്വാഗതം.

**പഠനഭാഗം**

ഉല്പത്തി 27-50 അദ്ധ്യായങ്ങളും, ഫിലിപ്പിയർക്ക് എഴുതിയ ലേഖനവും.

രജിസ്ട്രേഷൻ ആരംഭം: 2009 ജൂൺ 1.

രജിസ്ട്രേഷൻ അവസാനം: 2009 ജൂലൈ 31.

രൂപതാതല പരീക്ഷ തിയ്യതി:- 2009 ഒക്ടോബർ 11 ഞായർ-2.00 P.M to 3.30 PM സംസ്ഥാനതല പരീക്ഷ തിയ്യതി: 2009 നവംബർ 22 ഞായർ

**പങ്കെടുക്കുന്നവരുടെ പ്രായവിഭാഗങ്ങൾ**

| | |
|---|---|
| A വിഭാഗം: | 1-1-1998-ന് ശേഷം ജനിച്ചവർ. |
| B വിഭാഗം: | 1-1-1993 നും31-12-1997 നും ഇടയ്ക്ക് ജനിച്ചവർ |
| C വിഭാഗം: | 1-1-1978 നും31-12-1992 നും ഇടയ്ക്ക് ജനിച്ചവർ |
| D വിഭാഗം: | 1-1- 1958-നും 31-12-1977 നും ഇടയ്ക്ക് ജനിച്ചവർ. |

സംസ്ഥാന തലത്തിലും രൂപതാ തലത്തിലും ഇടവക തലത്തിലും ആകർഷകമായ സമ്മാനങ്ങൾ.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ , ബൈബിൾ അപ്പസ്റ്റോലേറ്റ്



# കെ.സി.വൈ.എം.

**അഭിവന്ദ്യ പിതാവിനോടൊപ്പം**

കെ.സി.വൈ.എം.2009-2010 വർഷത്തിലെ രൂപത ഭാരവാഹികൾ 14-ാം തിയ്യതി അഭിവന്ദ്യ മാർ. ജേക്കബ് മനത്തോടത്ത് പിതാവിനെ സന്ദർശിച്ചു. വത്സലപിതാവ് രൂപത സമിതിയും അവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും അനുഗ്രഹാശിസ്സുകൾ നേർന്നു.

**സത്യത്തിലടിയുറച്ച്, കർമ്മവീഥിയിലേക്ക് ...**

ഫെബ്രുവരി മാസം 14-ാംതിയ്യതി പാസ്റ്റൽ സെന്ററിൽ വച്ചു നടന്ന എക്സിക്യൂട്ടീവ് മീറ്റിംഗിൽ പുത്തൻ പ്രവർത്തനവർഷത്തിലെ നേതൃനിര സത്യപ്രതിജ്ഞ ചൊല്ലി സ്ഥാനമേറ്റെടുത്തു. പാലക്കാട് കെ.സി.വൈ.എം ഡയറക്ടർ റവ. ഫാ. ആന്റോ തൈക്കാട്ടിൽ സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു.

**ഇടക്കാലസെനറ്റ്.ഫെബ്രുവരി-28**

കെ.സി.വൈ.എം പാലക്കാടു രൂപതയുടെ 2009-10 പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി 28 നു മുണ്ടൂർ യുവക്ഷേത്രയിൽ വൈകുന്നേരം 4.00 നു തുടങ്ങുന്ന ഇടക്കാലസെനറ്റിൽ വച്ചു നടത്തപ്പെടുന്നു. അഭിവന്ദ്യ പിതാവ് മാർ. ജേക്കബ് മനത്തോടത്ത് കർമ്മപദ്ധതി പ്രകാശനം നിർവഹിക്കുന്നു.

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# ജീസസ് യൂത്ത്

പ്രൊഫഷൻ സെന്റർ ടീം മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥിനി ഹെൻസി മരിയക്ക് പാലക്കാട് സോണിന്റെ പ്രാർത്ഥനാശംസകൾ.

**സബ്ബ് റീജിയൻ റിട്രീറ്റ്**

ഫെബ്രുവരി 22 മുതൽ 25 വരെ ജറുസലേം ധ്യാനകേന്ദ്രത്തിൽ വെച്ച് നടന്ന സബ്ബ് റീജിയൺ റിട്രീറ്റിൽ പാലക്കാട് സോണിനെ പ്രതിനിധീകരിച്ച് 6 അംഗങ്ങൾ പങ്കെടുത്തു. ജോസ് (എൻ. എസ്. എസ്. എഞ്ചിനീയറിംഗ് കോളേജ്), സോണി (ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജ്) എന്നിവർ കോർ ഗ്രൂപ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

**നിറവ്**

ഡിവൈൻ ധ്യാനകേന്ദ്രത്തിൽ മാർച്ച് 4 മുതൽ 9 വരെ 'നിറവ്' എന്ന പേരിൽ ജീസസ് യൂത്ത് ലീഡേഴ്സിനു വേണ്ടി ധ്യാനം സംഘടിപ്പിക്കപ്പെടുന്നു. ഈ ധ്യാനത്തിന്റെ വിജയത്തിനു വേണ്ടി ജീസസ് യൂത്ത് അംഗങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സ്വാഗതം**

ജീസസ് യൂത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായ ഫാ. നിലേഷ് തുരുത്തിവേലിക്ക് സ്വാഗതം.

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, ജീസസ് യൂത്ത്

# നവീകരണ മുന്നേറ്റം

**യാത്രാമംഗളങ്ങൾ**

കഴിഞ്ഞ ഒരു വർഷക്കാലം നവീകരണരംഗത്ത് ഡയറക്ടറായി നിസ്തുല സേവനമനുഷ്ഠിച്ചതിനു ശേഷം സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി സ്ഥലം മാറി പോകുന്ന ബ.ബിനോയ് കരിമരുതിങ്കലച്ചന് ആത്മാർത്ഥമായ നന്ദിയും പ്രാർത്ഥനയും യാത്രാമംഗളങ്ങളും.

നവീകരണരംഗത്ത് ഡയറക്ടറായി കടന്നുവരുന്ന ബ. റെനിയച്ചനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ജാഗരണപ്രാർത്ഥന**

മാർച്ച് മാസത്തെ ജാഗരണ പ്രാർത്ഥന 27 ന് രാത്രി 7 മണി മുതൽ പിറ്റേന്ന് രാവിലെ 5 മണി വരെ പാലക്കാട് കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തുന്നു.

ഫെബ്രുവരി 5-ന് വ്യാഴാഴ്ച ലീഡേഴ്സ് കൂട്ടായ്മ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് സന്ദേശം നൽകുകയും റവ. ഫാ.ബിനോയി കരിമരുതിങ്കലും കോ-ഓർഡിനേറ്റർ ശ്രീ. ഫ്രാങ്കോയും മറ്റ് ശുശ്രൂഷകർക്ക് നേതൃത്വം നൽകുകയും ചെയ്തു.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.



# സി എൽ സി.

**" എല്ലാവർക്കും രൂപത സി.എൽ.സി.യുടെ പ്രാർത്ഥനാ മംഗങ്ങൾ"**

**സംസ്ഥാന പ്രതിനിധി സമ്മേളനം 2008**

സി.എൽ.സി.യുടെ സംസ്ഥാന പ്രതിനിധി സമ്മേളനം ഡിസംബർ 30 ന് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുകയുണ്ടായി. അഭിവന്ദ്യ ഡോ. വിൻസെന്റ് സാമുവൽ പിതാവാണ് സമ്മേളനം ഉദ്ഘാനം ചെയ്തത്. പ്രസ്തുത യോഗത്തിന് സമാപന സന്ദേശം നൽകിയത് പാലക്കാട് രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ ജേക്കബ് മനത്തോടത്ത് പിതാവാണ്. യോഗത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ചത് സി.എൽ.സി.യുടെ സംസ്ഥാന പ്രസിഡണ്ട് ശ്രീ.സണ്ണിപൗലോസ് ആയിരുന്നു. പ്രസ്തുതയോഗത്തിൽ സി.എൽ.സി സംസ്ഥാന പ്രമോട്ടർ റവ. ഫാ.ജോസ് വൈലിക്കോടത്ത് വിഷയാവതരണം നടത്തുകയും റവ. ഫാ മാർട്ടിൻ ഏറ്റുമാനൂക്കാരൻ ആമുഖ പ്രഭാഷണവും നടത്തുകയും ചെയ്തു. സി.എൽ.സി സംസ്ഥാന സെക്രട്ടറി ശ്രീ. ഡെന്നീസ് ആന്റണി സ്വാഗതവും സി .എൽ.സി. സംസ്ഥാന ജോയിന്റ് സെക്രട്ടറി ശ്രീ.ഡാനി ചെറുവത്തൂർ നന്ദിയും അർപ്പിച്ച യോഗത്തിൽ, ആശംസകൾ അർപ്പിച്ചുകൊണ്ട് ശ്രീ, ക്രിസ്തുരാജ്, സി. ജോയ്സ്സ് എന്നിവർ സംസാരിച്ചു. സി.ജോയ്സ്സ് പതാക ഉയർത്തിയാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്. ഏകദേശം 50 പേർ വിവിധ രൂപതകളിൽ നിന്നായി യോഗത്തിൽ പങ്കെടുക്കുകയും അവരവരുടെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**സി.എൽ.സി. സൊവിനിയർ**

സി.എൽ.സി.രൂപതാ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തയ്യാറാക്കിയ സ്മരണിക പുറത്തിറക്കിയിട്ടുണ്ട്. അതിന്റെ കോപ്പികൾ ലഭിച്ചിട്ടില്ലാത്ത ഇടവകകൾ രൂപത ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്.

പരീക്ഷക്കായി ഒരുങ്ങുന്ന എല്ലാവർക്കും വിജയാശംസകൾ നേരുന്നു.
പ്രാർത്ഥന: പരീക്ഷക്കായി ഒരുങ്ങുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുക.
പഠനം: അപ്പസ്തോല പ്രവർത്തനങ്ങൾ
പ്രവർത്തനം: നോമ്പുകാലത്ത് കഴിയാവുന്ന ദിവസങ്ങളിൽ എല്ലാം കുർബാനയിൽ പങ്കുകൊള്ളുക

**ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ**
സി.എൽ.സി. ഡയറക്ടർ

# തിരുബാലസഖ്യം

**തിരുബാലസഖ്യം കലോത്സവം സമാപിച്ചു**

ഫെബ്രുവരി 14-ാം തിയ്യതി പാലക്കാട് പാസ്റ്ററൽ രൂപതാകലോത്സവം ഭംഗിയായി പര്യവസാനിച്ചു. രാവിലെ 9.30 ന് ചേർന്ന ഉദ്ഘാട സമ്മേളനത്തിൽ വച്ച് രൂപതാമതബോധന ഡയറക്ടർ ഫാ. മാത്യു വാഴയിൽ കലോത്സവം ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന മത്സരത്തിൽ വിജയികളായവർക്ക് കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ആന്റോ തൈക്കാട്ടിൽ സമ്മാന വിതരണം ചെയ്തു. തിരുബാലസംഖ്യം ജനറൽ ഓർഗനൈസർ സി. റീത്തജോസ്, ആനിമേറ്റർ സി. റോസ് ആന്റോ തുടങ്ങിയവർ കലോത്സവത്തിന് നേതൃത്വം നൽകി.

**വിജയികളുടെ പേരുകൾ**

**സീനിയേഴ്സ്**

| *ഇനങ്ങൾ* | | *വിജയികൾ* |
|---|---|---|
| **പെൻസിൽഡ്രോയിംഗ്** | 1. | ആര്യസെബാസ്റ്റ്യൻ(ഗാന്ധിപുരം) |
| | 2. | സ്വിറ്റോ ജോസഫ് (ഇരുമ്പകച്ചോല) |
| | 3. | അലൻ സണ്ണി (പെരിമ്പടാരി) |
| **ലളിതഗാനം** | 1. | നിധിതേരേസ് (കത്തിഡ്രൽ) |
| | 2. | നിബു ഐ.കെ (ഇരുമ്പകച്ചോല) |
| | 3. | സാന്ദ്രാപാറ്റാനി (വടക്കഞ്ചേരി) |
| **ബൈബിൾ പരായണം** | 1. | ഫെബി (കടമ്പഴിപ്പുറം) |
| | 2. | നിധിതെരേസ് (കത്തീഡ്രൽ) |
| | 3. | ജോമി വട്ടക്കാമ്പയിൻ (പാലക്കുഴി) |
| **പ്രസംഗം** | 1 | എലിസബത്ത്(പൊന്നംകോട്) |
| | 2. | അക്ഷയ് കൊല്ലറേട്ട് (പാലക്കുഴി) |
| | 3. | നമിത ജോർജ്ജ് (മംഗലംഡാം) |
| | 3. | അന്നാജോസ് (സായിബാബകോളനി) |
| **കഥാപ്രസംഗം** | 1. | അലക്സ്ജോബി (കത്തീഡ്രൽ) |
| | 2. | അലീനഷാജി (ഒറ്റപ്പാലം) |
| | 3. | മഞ്ജിമവേനാത്ത്(പാലക്കുഴി) |
| **ബൈബിൾവാക്യങ്ങൾ** | | |
| **എഴുതൽ** | 1. | റോസ്മരിയ(പാലക്കുഴി) |
| | 2. | രമ്യമരിയ(തിരുപ്പൂർ) |
| | 3. | റിന്റുറോസ് (ആലത്തൂർ) |
| **ഗ്രൂപ്പ്സോങ്ങ്** | 1. | രമ്യമരിയ&പാർട്ടി (തിരുപ്പൂർ) |
| | 2. | ആൻ മരിയ&പാർട്ടി (വടക്കഞ്ചേരി) |
| | 3. | ജിസ&പാർട്ടി (പുലാപ്പറ്റ) |



**ജൂനിയേഴ്സ്**

| | | |
|---|---|---|
| **പെൻസിൽഡ്രോയിങ്ങ്** | 1. | ആഷിഷ് ജേക്കബ് (വടക്കഞ്ചേരി) |
| | 2. | അനു അജിത്ത് (ഒലവക്കോട്) |
| | 3. | സിറിൽ ടോമി (ധോണി) |
| **ലളിതഗാനം** | 1. | ആനിറോസ് (കവുണ്ടംപാളയം) |
| | 2. | അനിലസജി(മംഗലംഡാം) |
| | 3. | അനു (മൈലംപുള്ളി) |
| **ബൈബിൾകഥപറയൽ** | 1. | തോമസ് സജി (പെരുമ്പടാരി) |
| | 2. | ജിയോണജോബി(പാലപ്പുറം) |
| | 3. | മിഥുലബിനോയി(പാലക്കയം) |
| **പ്രസംഗം** | 1. | അൻസീന ആന്റണി(ഗാന്ധിപുരം) |
| | 2. | ജിസ്മേരി ജോസ്(ചിറ്റൂർ) |
| | 3. | ജിയോണ ജോബി(പാലപ്പുറം) |
| **ആക്ഷൻസോങ്ങ്** | 1. | ആൻമരിയ&പാർട്ടി (പാലക്കുഴി) |
| | 2. | റോസ് ചിറയത്ത്& പാർട്ടി(കത്തീഡ്രൽ) |
| | 3. | അഖിൽഷാജി&പാർട്ടി (ഒറ്റപ്പാലം) |

**Junior Individual Champion:** ജിയോണജോബി(പാലപ്പുറം)-4 പോയിന്റ്
**Senior Individual Champion:** നിധി തെരേസ് (കത്തീഡ്രൽ) 8 പോയിന്റ്

**ഓവറോൾ ചാമ്പ്യൻസ്**

| | | |
|---|---|---|
| **Junior** | 1. | വടക്കഞ്ചേരി |
| | 2. | കോയമ്പത്തൂർ |
| | 3. | പാലക്കാട് |
| **Senior** | 1. | വടക്കഞ്ചേരി |
| | 2. | കോയമ്പത്തൂർ |
| | 3. | കാഞ്ഞിരപ്പുഴ |

**Best Unit വടക്കഞ്ചേരി.**

സമ്മാനർഹരായ എല്ലാവർക്കും അഭിനന്ദനങ്ങൾ. കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ആനിമേറ്റർമാർക്കും, മാതാപിതാക്കൾക്കും, ബഹു. വികാരിയച്ചന്മാർക്കും നന്ദി അറിയിക്കുന്നു.

**തിരുബാലസഖ്യം കളക്ഷൻ.**

തിരുബാലസഖ്യം ഈ വർഷം ഇടവകകളിൽ സമാഹരിച്ച തുക മാർച്ച് മാസത്തിന് മുൻപായി രൂപതാ കേന്ദ്രത്തിലെത്തിക്കേണ്ടതാണ്.

**നന്ദി... സ്വാഗതം**

തിരുബാലസഖ്യത്തിന്റെ ഡയറക്ടറായി സ്തുത്യർഹമായ സേവനം ചെയ്ത് പുതിയ പ്രവർത്തനമേഖലയിലേക്ക് യാത്രയാവുന്ന ബഹു. ജോബി കുന്നത്തേട്ടച്ചന് ആശംസകളും പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ജസ്റ്റിൻ കോലംകണ്ണിക്ക് ഹൃദ്യമായ സ്വാഗതവും നേരുന്നു.

**ഫാ.ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം

# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനംനയിക്കുന്നത്** |
|---|---|---|
| മാർച്ച് | 8-13 | ആന്തരീക സൗഖ്യ വളർച്ചാ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| മാർച്ച് | 15-20 | ആന്തരീക സൗഖ്യ വളർച്ചാ ധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മാർച്ച് | 22-27 | ആന്തരീക സൗഖ്യ വളർച്ചാ ധ്യാനം.<br>ഫാ. റെനി പുല്ലുകാലായിൽ |
| മാർച്ച് | 29 ഏപ്രിൽ 3 | ആന്തരീക സൗഖ്യ വളർച്ചാ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 – 253333, 253647. സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക.

sehionretratcentre.blogspot.com, sehiontelevision.blogspot.com

**സെഹിയോൻ കൺവെൻഷൻസ്**

മാർച്ച് 1 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധീപുരം ലൂർദ്ദ് ഫൊറോനപള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

മാർച്ച് 14 ശനിയാഴ്ച ചങ്ങനാശ്ശേരി ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് റിന്യൂവൽ സെന്ററിൽ രാവിലെ 9.00 മണിമുതൽ വൈകുന്നേരം 4.00 മണി വരെ ഏകദിന കൺവെൻഷൻ.

മാർച്ച് 15 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**സെഹിയോൻ ടെലിവിഷൻ അവതരിപ്പിക്കുന്നു.**

1. "അഭിഷേകാഗ്നി" ശാലോം ടിവിയിൽ എല്ലാ ഞായറാഴ്ചയും രാത്രി 8.30



മുതൽ 9.00 വരെ. പുനഃസംപ്രേഷണം വെള്ളിയാഴ്ച രാവിലെ 11.00 മുതൽ 11.30 വരെയും, ഗൾഫ് എഡിഷനിൽ ശനിയാഴ്ച രാത്രി 1.30 മുതൽ 2.00 വരെ.
2. "മാറാനാത്ത" ജീവൻ ടിവിയിൽ എല്ലാ ശനിയാഴ്ചയും രാവിലെ 6.00 മുതൽ 6.30 വരെ.
3. "റാഫാ യഹോവ" തൽസമയ സംപ്രേഷണം മൂൺ ടിവിയിൽ (അട്ടപ്പാടി) എല്ലാ ആദ്യവെള്ളിയാഴ്ചയും പകൽ 11.30 മുതൽ 1.30 വരെ. വൈകിട്ട് 5 മുതൽ 7മണിവരെ.
4. "റാഫാ യഹോവ"- എല്ലാ ബുധനാഴ്ചയും വൈകുന്നേരം 6.30 മുതൽ 7.00 മണി വരേയും എ.സി.വിയിൽ. എല്ലാ ചൊവ്വാഴ്ചയും രാത്രി 7.30 മുതൽ 8 മണിവരെ യു.ടി.വിയിൽ.
5. സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ ടെലിവിഷൻ പ്രോഗ്രാമുകളായ അഭിഷേകാഗ്നി, മാറാനാത്ത, റാഫാ യഹോവ തുടങ്ങിയവ goolge videosൽ ലഭിക്കുന്നതാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# സി.എം.എൽ

മാർച്ച് മാസത്തെ പ്രത്യേക ചിന്താവിഷയം 'വചനം നീതിയിലുള്ള ജീവിതത്തിൽ'

**കർമ്മപരിപാടികൾ**

മാർച്ച് 19 വ്യാഴം വി. യൗസേപ്പിതാവിന്റെ തിരുനാൾ

മാർച്ച് 29 ഞായർ ദൈവവിളി ദിനം

**പ്രാർത്ഥനാ നിയോഗം** : ദൈവവിളി

**ഓർക്കാൻ** :

ശാഖാ റിക്കോർഡുകളും ഫയലുകളും പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഈ മാസത്തെ സുകൃതജപം**

എന്നെ സ്വന്തമാക്കിയ ഈശോയെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി.എം.എൽ

# K.C.S.L

**നന്ദി...**

കെ.സി.എസ്.എൽ സംഘടനയുടെ ഡയറക്ടറായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സ്തുത്യർഹമായ സേവനം ചെയ്ത് പുതിയ പ്രവർത്തനമേഖലയിലേക്ക് യാത്രയാവുന്ന ബഹു. ജോബികുന്നത്തേട്ടച്ചന് പാലക്കാട് കെ.സി.എസ്.എൽ കുടുംബത്തിന്റെ അകമഴിഞ്ഞ നന്ദിയും ആശംസകളും നേരുന്നു.

**സ്വാഗതം**

കെ.സി.എസ്.എൽ സംഘടനയുടെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ജസ്റ്റിൻ കോലംകണ്ണിക്ക് കെ.സി.എസ്.എൽ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം

**സ്പെഷ്യൽ ആനിമേറ്റേഴ്സ് മീറ്റ്**

പുതിയ പ്രവർത്തന മേഖലയിലേക്ക് യാത്രയാവുന്ന രൂപത ഡയറക്ടർ ബഹു. ജോബി കന്നത്തേട്ടച്ചന് യാത്രയയപ്പു നൽകുന്നതിനും പുതിയ സാരഥിയായി തിരഞ്ഞെടുക്കപ്പെട്ട ഫാ. ജസ്റ്റിൻ കോലംകണ്ണിക്ക് സ്വാഗതവും ആശംസിക്കാൻ ഫെബ്രുവരി.17-ാം തിയ്യതി ഉച്ചതിരിഞ്ഞ്2.30 ന് ആനിമേറ്റേഴ്സ് ഒരുമിച്ചുകൂടി. രൂപത പ്രസിഡന്റ് ശ്രീ. കെ.ടി ജോസഫ്, ജനറൽ ഓർഗനൈസർ റവ. സി വിജയ ചീഫ്, കൺസൾട്ടന്റ്, റവ.സി പോൾസി ഒ.എസ്.എഫ്. എന്നിവർ സന്നിഹിതരായിരുന്നു.

**പ്രവർത്തനവർഷ സമാപനവും, പുതിയഭാരവാഹികളുടെ തിരഞ്ഞെടുപ്പും**

കെ.സി.എസ്.എൽ. ന്റെ ഈ വർഷത്തെപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനും ഫെബ്രുവരി 23-ാം തിയ്യതി പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടി. ഡയറക്ടർ ഫാ. ജസ്റ്റിൻ കോലംകണ്ണിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസിഡന്റ് ശ്രീ. കെ.ടി ജോസഫ്, ജനറൽ ഓർഗനൈസർ റവ. സി. വിജയ സിഎച്ച് എഫ് വിവിധ സ്കൂളുകളിലെ ആനിമേറ്റർമാർ എന്നിവർ സന്നിഹിതരായിരുന്നു.

**പുതിയ ഭാരവാഹികൾ**

ചെയർപേഴ്സൺ - കുമാരി കിരൺ കുര്യാക്കോസ്
(കാണിക്കമാതാ എച്ച്.എസ്.എസ്. പാലക്കാട്)

ജനറൽ സെക്രട്ടറി - ഡെനിൽ ജോൺ
(ലൂർദ്മാതാ എച്ച്.എസ്. മംഗലംഡാം)

H.S.S. സെക്രട്ടറിമാർ
A സീനമാത്യു
(സെന്റ് തോമസ് എച്ച്.എസ്.എസ്. ഒലവക്കോട്)
B കെസിയ പി.തോമസ്
(അസ്സീസ്സി കഞ്ചിക്കോട്)

Palakkad Rupatha Bulletin March '09

**എച്ച്.എസ്.സെക്രട്ടറിമാർ**

1. ആൽവിൻ അഗസ്റ്റിൻ
   (മേരിമാതാ എച്ച്.എസ് പന്തലാംപാടം)
2. എയ്ഞ്ചൽമേരി ജോജോ
   (സെന്റ്.ഡൊമിനിക്.എച്ച്.എസ്.എസ് ശ്രീകൃഷ്ണപുരം)
3. ബിൻസി ബേബി
   (ചെറുപുഷ്പം എച്ച്.എസ്.എസ്.വടക്കുഞ്ചേരി)
4. മരിയമിധുഫ്രാൻസിസ്
   (സെന്റ് തോമസ് എച്ച്.എസ്.എസ്. ഒലവക്കോട്)

**യു.പി.സെക്രട്ടറിമാർ**

1. ജീസൺ ജേക്കബ്ബ് (സെന്റ് റാഫേൽസ്, പാലക്കാട്)
2. അങ്കിത തോമസ് (വിജയമാതാ എച്ച്.എസ്.എസ്. ചിറ്റൂർ)
3. മെൻവിൻസാബു(ഹോളിഫാമിലി യു.പി.എസ്. കാഞ്ഞിരപ്പുഴ)
4. ആൻമേരിജോസ്(സെന്റ്.തോമസ് യു.പി.എസ്. കയറാടി)

**നന്ദി:**

കർമ്മനിരതരായിരുന്ന കെ.സി.എസ്.എൽ.സംഘടനയുടെ മുൻഭാരവാഹികൾക്ക് ഹൃദ്യമായ നന്ദി. തുടർന്നും സഹകരണവും പ്രാർത്ഥനയും അപേക്ഷിക്കുന്നു.

**ആശംസകൾ:**

പുതിയ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ കൂട്ടുകാർക്കും അഭിനന്ദനങ്ങളും വിജയാശംസകളും നേരുന്നു. ഉണർന്നു പ്രവർത്തിക്കാം.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ കെ.സി.എസ്.എൽ

**വിൻസെൻഷ്യൻ വൈദിക വിദ്യാർത്ഥികൾ നയിക്കുന്ന ജീസസ് മിഷൻ ധ്യാനം**

മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവകകൾതോറും നടത്തുന്ന കുട്ടികളുടെ മൂന്നു ദിവസത്തെ **ജീവിത നവീകരണ ധ്യാനവും കൂട്ടായ്മയും** കുഞ്ഞുമക്കളെ ദൈവാനുഭവത്തിലേക്കു നയിക്കുന്ന വചന ശുശ്രൂഷകൾ , ദൈവീക ജീവനേകുന്ന ദിവ്യബലി, ദൈവ-മനുഷ്യ അനുരഞ്ജന ശുശ്രൂഷ., സ്വർഗ്ഗീയാനുഭൂതി പകരുന്ന ആരാധനാ നിമിഷങ്ങൾ, ബൈബിൾ സന്ദേശമുൾക്കൊള്ളുന്ന Action songs,Role Play, Audio-visual Programme, ആത്മീയാനുഭൂതി പകരുന്ന ഗാന ശുശ്രൂഷകൾ, സാക്ഷ്യമേകുന്ന ബൈബിൾ റാലി, സൗഹൃദം വളർത്തുന്ന സ്നേഹ വിരുന്ന്

**ജീസസ് മിഷൻ- ധ്യാനം നടത്തുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക:**
Director, Jesus Mission, Vincentain Vidyabhavan, Aluva- 683 102
Ph: 0484-2604404

# പി.എസ്.എസ്.പി.

**സേവ് എ ഫാമിലി പ്ലാൻ**

**EDPട്രെയിനിംഗ്**

സേവ് എ ഫാമിലി ഗുണഭോക്താക്കൾക്കായുളള സംരംഭകത്വ വികസന പരിശീലനം മാർച്ച് 14-ാം തിയതി ശനിയാഴ്ച 10.30 മുതൽ 3 PM വരെ ധോണി സ്റ്റാർട്ടിൽ വെച്ചു നടക്കുന്നതാണ്. മൈലമ്പിള്ളി, മുണ്ടൂർ, മുട്ടിക്കുളങ്ങര എന്നീ യൂണിറ്റുകളിലെ ഗുണഭോക്താക്കൾ നിർബന്ധമായും ഈ പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

മാർച്ച് 21-ാം തിയതി ശനിയാഴ്ച 10.30 മുതൽ3.30 വരെ ചിറ്റൂർ, തത്തമംഗലം യൂണിറ്റുകളിലെ SAFP ഗുണഭോക്താക്കൾക്കായുളള സംരഭകത്വ വികസന പരിശീലനം തത്തമംഗലം പള്ളിയിൽ വെച്ച് നടത്തുന്നതാണ്. പ്രസ്തുത പരിപാടിയിൽ എല്ലാ SAFPഗുണഭോക്താക്കളും പങ്കെടുക്കേണ്ടതാണ്.

**SHG മീറ്റിംഗ്**

SAFP ഗുണഭോക്താക്കൾ എല്ലാവരുംSHGമീറ്റിംഗുകളിൽ അംഗങ്ങൾ ആയിരിക്കണം. സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ ഇല്ലാത്ത യൂണിറ്റുകൾ എത്രയും പെട്ടെന്ന് SHGകൾ രൂപീകരിക്കേണ്ടതാണ്.

**സ്ത്രീ ശാക്തീകരണ മേഖല**

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

4.3.09 ന് ബുധനാഴ്ച 11 മണി മുതൽ പി.എസ്.എസ്.പിയിൽ വച്ച് ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് നടത്തുന്നു

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 9.3.09 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽ സെന്റർ | 11 AM |
| 11.3.09 | ബുധൻ | മണ്ണാർക്കാട് | പുതുക്കാട് | 11 AM |
| 11.3.09 | ബുധൻ | നെന്മാറ | നെന്മാറപാരിഷ്ഹാൾ | 11 AM |
| 12.3.09 | വ്യാഴം | ശ്രീകൃഷ്ണപുരം | കോണിക്കഴി | 11 AM |
| 12.3.09 | വ്യാഴം | ആലത്തൂർ | FCCവടക്കുഞ്ചേരി | 11 AM |
| 13.3.09 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2 PM |

**വനിതാ ദിനാഘോഷം**

ഈ വർഷത്തെ വനിതാ ദിനാഘോഷം 2009 മാർച്ച് മാസം 7-ാംതീയതി ശനിയാഴ്ച വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. പൊതുസമ്മേളനം, കലാപരിപാടികൾ എന്നിവ പാസ്റ്ററൽ സെന്ററിൽ നടക്കും. മിഷൻ സ്കൂൾ പരിസരത്തു നിന്നും വനിതാദിന റാലി ആരംഭിച്ച് പാസ്റ്ററൽ സെന്ററിൽ സമാപിക്കും.

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| | | | |
|---|---|---|---|
| 17.3.09 | ചൊവ്വ | സാൻജോടവ്വർ | 10 AM to 2 PM |
| 18.3.09 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11 AM to 2 PM |
| 19.3.09 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11 AM to 2 PM |



**സംഘം ഭാരവാഹികളുടെ സെമിനാർ**

| | |
|---|---|
| 2.3.09 ന് തിങ്കളാഴ്ച | മണ്ണാർക്കാട് ബ്ലോക്ക് സംഘങ്ങൾക്ക് കരിമ്പ പാരിഷ്ഹാളിൽ വച്ച് 10 മുതൽ 3.30 വരെ |
| 16.3.09 ന് തിങ്കളാഴ്ച | പാലക്കാട്, മലമ്പുഴ ബ്ലോക്കുകളുടെ സംഘങ്ങൾക്ക് പി.എസ്.എസ്.പി യിൽ വച്ച് 10 മുതൽ 3.30 വരെ |
| 21.3.09 ന് ശനിയാഴ്ച | ആലത്തൂർ ബ്ലോക്കുകളിലെ സംഘങ്ങൾക്ക് വടക്കഞ്ചേരി കെസിസിയിൽ വച്ച് 10 മുതൽ 3.30 വരെ |
| 25.3.09 ന് ബുധനാഴ്ച | നെന്മാറ ബ്ലോക്കിലെ സംഘങ്ങൾക്ക് നെന്മാറ പാരിഷ്ഹാളിൽ വച്ച് 10മുതൽ 3.30 വരെ |

**EDPയൂണിറ്റ്**

നിത്യോപയോഗ സാധനങ്ങളുടെ ഉല്പാദന പരിശീലനം കഴിഞ്ഞ് സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർ പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. നിങ്ങൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ കൊയ്നോണിയ സൂപ്പർമാർക്കറ്റിൽ ലഭ്യമാണ്.

**ഇൻഷുറൻസ് (മെഡിക്ലെയിം)**

കുടുംബങ്ങളുടെ ആരോഗ്യ പരിരക്ഷ കണക്കിലെടുത്ത് ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് പി.എസ്.എസ്.പി ഒരു മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നടപ്പാക്കി വരുന്നു. (യൂണിവേഴ്സൽ മെഡി ക്ലെയിം) 5 അംഗങ്ങൾ അടങ്ങുന്ന കുടുംബത്തിന് 450 രൂപയാണ് പ്രീമിയം. ഒരു വർഷം പരമാവധി 30000 രൂപ വരെ പരിരക്ഷ നൽകുന്നു. (വ്യക്തികൾക്ക് 300 രൂപയും 7 പേർ അടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം)

| | |
|---|---|
| ഇതുവരെ ലഭിച്ച സംഖ്യ | 341,805.00 |
| ഈ മാസം ലഭിച്ച സംഖ്യ | 46646.00 |
| ആകെ | 3,88,451.00 |

**CRS-HIV/AIDS PROGRAMME**

**HIV/AIDS** പദ്ധതിയുടെ മാർച്ച് മാസത്തെ പ്രവർത്തന രൂപരേഖ.

| തിയതി | സമയം | സ്ഥലം | പരിപാടി |
|---|---|---|---|
| 11/3/09 | 11-1 PM | പെരുമാട്ടി പഞ്ചായത്ത്ഹാൾ | പ്രൊജക്ട് സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് |
| 16/3/09 | 9-5 PM | പിഎസ്എസ്പി | പദ്ധതി അവലോകനയോഗം |
| 17/3/09 | ,, | ,, | ,, ,, |
| 18/3/09 | 10-4 PM | എരുത്തേമ്പതി | വിവാഹ പൂർവ്വ(പ്രീമരൈറ്റൽ) ലൈംഗിക വിദ്യാഭ്യാസ സെമിനാർ |
| 28/3/09 | 11-1 PM | പാസ്റ്ററൽ സെന്റർ | കുട്ടികളുടെ മാസയോഗം |
| 28/3/09 | 2-5 PM | ,, | PLHIVS-ന്റെ മാസയോഗവും പോഷകാഹാര കിറ്റ് വിതരണവും |

**ഫാ. അബ്രാഹം പാലത്തിങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# From the Bishop's Diary

**ഫെബ്രുവരി 2009**

3. രൂപത കച്ചേരിയിൽ രൂപത നിയമാവലിയുടെ ഡ്രാഫ്റ്റ് സംബന്ധിച്ച ചർച്ചയിൽ സംബന്ധിച്ചു.

4 പാലക്കാട് മേഴ്സി കോൺവെന്റിൽ സി. സോസിയ (സി.എം.സി.)യുടെ മൃതദേഹ സംസ്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

- മുണ്ടൂർ യുവക്ഷേത്രയിൽ വിവാഹത്തിനൊരുക്കമായ കോഴ്സിൽ സംബന്ധച്ചവർക്ക് സന്ദേശം നൽകി.

5. രൂപത കരിസ്മാറ്റിക് ലീഡേഴ്സിന്റെ വാർഷിക സമ്മേളനത്തിന് പാസ്റ്ററൽ സെന്ററിൽ സന്ദേശം നൽകി.

- കണ്ണാടിയിൽ നടന്ന സർവ്വമത സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

6. പാലന ഹോസ്പിറ്റലിന്റെ ട്രസ്റ്റി കൗൺസിലിൽ ആദ്ധ്യക്ഷം വഹിച്ചു.

- ചിറ്റൂർ വിജയമാത ഹയർ സെക്കണ്ടറി സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

7. മുണ്ടൂർ വിമൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ സി. അഗാസ (എസ്.എ.ബി.എസ്.)ക്ക് വേണ്ടി വി. കുർബ്ബാന അർപ്പിച്ചു.

- ഗണേഷ് ഗിരിയിൽ പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഇടവക ദൈവാലയത്തിന് ശിലാസ്ഥാപനം നിർവ്വഹിച്ചു.

- പാലപ്പുറം സെന്റ് മേരീസ് ഇടവകയുടെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു. പൊതു സമ്മേളനത്തിൽ സംബന്ധിച്ചു.

8 കോടന്തുരുത്ത് സെന്റ് ആന്റണീസ് ഇടവകയുടെ ഫാമിലി യൂണിറ്റ് വാർഷികവും ഇടവക ദിനവും പ്രമാണിച്ച് നടന്ന സമ്മേളനത്തിൽ സന്ദേശം നൽകി.

9 തുരുത്തിപ്പുറം ഇടവകയിൽ ഫാ. വർഗ്ഗീസ് വാളൂക്കാരന്റെ 41-ാം ചരമ ദിനത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

- മുട്ടിക്കുളങ്ങര മേരിയൻ പ്രൊവിൻഷ്യൽ ഹൗസിൽ സി. റെജി പോൾ (സി.എച്ച്. എഫ്)ന്റെ മൃതദേഹ സംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

10 അഗളി ഫാത്തിമമാത ഇടവകയിൽ വി. കുർബ്ബാന അർപ്പിച്ചു. പുതുതായി നിർമ്മിച്ച വൈദിക മന്ദിരം വെഞ്ചരിച്ചു.

11. ഷോളയൂർ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു.



- കൂക്കംപാളയം സെന്റ് പീറ്റേഴ്സ് മഠത്തിൽ പൗളയിൻ ഇയറിന്റെ സമാപനത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

12 പൊൽപ്പുള്ളി സെറാഫിക് നൊവിഷ്യേറ്റ് ഹൗസിൽ നൊവീസസിന് ക്ലാസ്സെടുത്തു.

13. രാജഗിരി സേക്രട്ട് ഹാർട്ട് ഇടവകയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് കൃതജ്ഞതാ ബലിയർപ്പിച്ചു. പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചരിച്ചു. പൊതു സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

14. പാലക്കാട് പാസ്റ്ററൽ സെന്ററിൽ എച്ച്.എം. കോൺഫറൻസിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- പുതുക്കിപ്പണിത സീങ്കര സെന്റ് ജോർജ്ജ് മഠം വെഞ്ചരിച്ചു. വി. കുർബ്ബാന അർപ്പിച്ചു.

15. ഗാന്ധിപുരം ലൂർദ്ദമാത ഫൊറോന ദൈവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു. കുട്ടികൾക്ക് സ്ഥൈര്യലേപനവും പ്രഥമ ദിവ്യകാരുണ്യവും നൽകി. വൈകിട്ട് നടന്ന ഇടവകദിനപൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

16-17 മുണ്ടൂർ യുവക്ഷേത്രയിൽ സംഘടിപ്പിക്കപ്പെട്ട വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

18 മുട്ടിക്കുളങ്ങര മരിയൻ പ്രൊവിൻസിൽ നടന്ന പ്രൊവിൻഷ്യൽ സിനാക്സസിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

19. പാടൂർ ഹോളിക്രോസ് ഇടവക ദൈവാലയം കൂദാശ ചെയ്ത്, വി. കുർബ്ബാന അർപ്പിച്ചു.

20. വള്ളിയോട് സെന്റ് മേരീസ് ഐ.ടി.സിയുടെ വാർഷിക സമ്മേളനവും പുതിയ കോഴ്സുകളുടെ ഉദ്ഘാടനവും നിർവ്വഹിച്ചു.

21. പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കപ്പെട്ട രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

- തായ്ക്കാട്ടുകര സി.എം.സി. ജനറലേറ്റ് സന്ദർശിച്ചു.

22. ചിറ്റാട്ടുകര ഇടവകയിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

- മലമ്പുഴ സെന്റ് തോമസ് ഇടവകയിൽ വി. കുർബ്ബാന അർപ്പിച്ചു. പുതുതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിച്ചു.

23. പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ വി. കുർബ്ബാന അർപ്പിച്ച് വിഭൂതി തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil
Published by: Fr. Dominic Aippenparambil
Bishop's House, Palakkad - 678 004.